# മരുക്കപ്പൽ

മരുഭൂമിയിലെ കപ്പലുകൾ എന്നറിയപ്പെടുന്ന ഒട്ടകങ്ങളെക്കുറിച്ച് കൂട്ടുകാർ കേട്ടിട്ടില്ലേ? ചുട്ടുപൊള്ളുന്ന മണലിൽ ദീർഘദൂരം യാത്ര ചെയ്യാൻ പണ്ടുമുതലേ ജനങ്ങൾ ഒട്ടകങ്ങളെ ഉപയോഗിച്ചിരുന്നു. മരുഭൂമിയിൽ ജീവിക്കാൻ അനുയോജ്യമായ ശരീരമാണ് അവയ്ക്കുള്ളത്. ഒട്ടകങ്ങളുടെ കണ്ണുകൾക്ക് മൂന്ന് പോളകളുണ്ട്. കഠിനമായ ചൂടിൽ നിന്നും മണൽക്കാറ്റിൽ നിന്നും അവ കണ്ണിന് സുരക്ഷയേകും. വെള്ളം കുടിക്കാതെ ദീർഘനേരം സഞ്ചരിക്കാനും മരുഭൂമിയിൽ വളരുന്ന മുൾച്ചെടികൾ പോലും അനായാസം ഭക്ഷിക്കാനും ഒട്ടകങ്ങൾക്കു കഴിയും. മണലിൽ താഴ്ന്നു പോകാതിരിക്കാൻ സഹായിക്കുന്ന വീതിയേറിയ പാദങ്ങളാണവയ്ക്കുള്ളത്. ഒട്ടകങ്ങളുടെ സൃഷ്ടിപ്പിലെ സവിശേഷതകൾ നിരീക്ഷിച്ച് പാഠമുൾക്കൊള്ളാൻ വിശുദ്ധ ഖുർആനിൽ അല്ലാഹു ആഹ്വാനം ചെയ്യുന്നുണ്ട്.




ബാല കുസുമം
മാസിക

പുസ്തകം 12
ലക്കം 3
2025 മാർച്ച്

# വത്തക്കത്തോടും പുണ്യവും

പണ്ടുപണ്ട് ഒരിടത്തൊരു നല്ല യുവാവുണ്ടായിരുന്നു. ദിവസവും തൊഴിലെടുത്തായിരുന്നു അദ്ദേഹം ഉപജീവനം കഴിച്ചിരുന്നത്. എന്നാൽ വെള്ളിയാഴ്ച ജോലി ചെയ്തു കിട്ടുന്ന പ്രതിഫലം അദ്ദേഹമെടുക്കില്ല. ആ പണം മരിച്ചുപോയ മാതാപിതാക്കളുടെ പരലോകഗുണത്തിന്നായി ദാനം ചെയ്യും. അങ്ങനെ സന്തോഷത്തോടെ അദ്ദേഹവും കുടുംബവും കഴിഞ്ഞുപോന്നു.

ഒരു വെള്ളിയാഴ്ച അദ്ദേഹത്തിന് ജോലിയൊന്നും കിട്ടിയില്ല. ഇന്നു മാതാപിതാക്കളുടെ ഗുണത്തിനുവേണ്ടി ഒന്നും ദാനം ചെയ്യാൻ കഴിയില്ലല്ലോ എന്ന സങ്കടത്തിലും വിഷമത്തിലുമായി ആ യുവാവ്. അങ്ങനെ ദുഃഖിച്ചു നടക്കവെ അദ്ദേഹമൊരു പണ്ഡിതനെ കണ്ടുമുട്ടി. പണ്ഡിതനോടദ്ദേഹം തന്റെ സങ്കടം പറഞ്ഞു. അതിനു പരിഹാരം വല്ലതുമുണ്ടോ എന്നന്വേഷിച്ചു.

പണ്ഡിതൻ ചോദിച്ചു: 'ഞാൻ നിനക്കൊരു പരിഹാരമാർഗ്ഗം പറഞ്ഞുതരാം. അതനുസരിച്ചു പ്രവർത്തിക്കാൻ നീ തയ്യാറാണോ?'

അങ്ങ് നിർദ്ദേശിക്കുന്ന ഏതുകാര്യവും ചെയ്യാൻ


**BALA KUSUMAM**
CHILDRENS MONTHLY

Samastha Centre
Jafarkhan Colony
Calicut - 673006
Ph : 0495 2772 846, 47
kusumammasika@gmail.com

- പബ്ലിഷർ
  പി. കുഞ്ഞഹമ്മദ്
- ചീഫ് എഡിറ്റർ
  സി.പി ശഫീഖ് ബുഖാരി
- എഡിറ്റർ
  ഇ.എം സുഫ്യാൻ ബുഖാരി
- ജനറൽ മാനേജർ
  കെ. ഉമർ മദനി
- സർക്കുലേഷൻ
  ശരീഫ് സഖാഫി എടയൂർ
- ഇല്ലസ്ട്രേഷൻസ്
  ശ്യാംദാസ്, ഷാജി എസ്.എം
- ഡിസൈൻ ലേ-ഔട്ട്
  അൻവർ സ്വാദിഖ് ബുഖാരി

ഞാൻ തയ്യാറാണെന്ന് യുവാവ് വാക്കു കൊടുത്തു.

'എന്നാൽ നീയൊരു കാര്യം ചെയ്യ്. ഒരു കൊട്ടയുമായി ഇതുവഴി അങ്ങാടി വരെ പോവുക. വഴിയിൽ ആളുകൾ വലിച്ചെറിഞ്ഞ തണ്ണിമത്തൻതോടുകൾ മുഴുവൻ പെറുക്കിയെടുക്കുക. എന്നിട്ട് അത് അപ്പുറത്തെ മൈതാനിയിൽ കാലികൾ മേയുന്നിടത്ത് കൊണ്ടുചെന്നിടുക. അവയതു ഭക്ഷിച്ചു വയറു നിറയ്ക്കും. നിനക്കേറെ പുണ്യവും ലഭിക്കും.'

യുവാവ് യാതൊരു മടിയും കാണിക്കാതെ അപ്പോൾ തന്നെ കുട്ടയുമായി ഇറങ്ങി. നല്ല ചൂടുള്ള കാലമായിരുന്നതുകൊണ്ട് ജനങ്ങൾ ധാരാളം തണ്ണിമത്തൻ കഴിച്ച് തോലുകൾ വഴിയിലൊക്കെ വലിച്ചെറിഞ്ഞിരുന്നു. അദ്ദേഹം അതെല്ലാം പെറുക്കിയെടു



## കണ്ണൂർ കോട്ട

കണ്ണൂർ നഗരത്തോടു ചേർന്നുള്ള സെന്റ് ആഞ്ചലോ കോട്ടയാണു കണ്ണൂർ കോട്ട എന്നറിയപ്പെടുന്നത്.



ത്രികോണാകൃതിയിലാണു കണ്ണൂർ കോട്ടയുടെ നിർമിതി. 1505 ൽ പോർച്ചുഗീസ് വൈസ്രോയി ഫ്രാൻസിസ് കോ ഡി അൽമേഡയാണ് ഇന്നു കാണുന്ന രീതിയിലുള്ള കണ്ണൂർ കോട്ട പണികഴിപ്പിച്ചത്.

ത്ത് കൊട്ടയിലിട്ട് മൈതാനിയിൽ കൊണ്ടുപോയി കാലികൾക്ക് കൊടുത്തു. അവയാകട്ടെ വേനൽക്കാലമായതിനാൽ പുല്ലുകൾ ഉണങ്ങിക്കരിഞ്ഞ മൈതാനിയിൽ വിശപ്പടക്കാൻ കഴിയാതെ കഷ്ടപ്പെടുകയായിരുന്നു. നല്ല തണ്ണിമത്തൻതോട് കഴിച്ചു വയറുകൾ നിറഞ്ഞപ്പോൾ അവ അല്ലാഹുവിനെ സ്തുതിച്ചു. യുവാവിന് നല്ല സന്തോഷമനുഭവപ്പെട്ടു.

അന്നു രാത്രി അദ്ദേഹം തന്റെ മരിച്ചുപോയ മാതാപിതാക്കളെ സ്വപ്നം കണ്ടു: അവർ പറഞ്ഞു: 'മോനേ, ഇന്നു നീ ഞങ്ങൾക്കായി ചെയ്ത സൽകർമ്മം വളരെ ഗംഭീരമായി. അതിന്റെ പ്രതിഫലം മറ്റെല്ലാ വെള്ളിയാഴ്ചകളെക്കാളും ഏറ്റവും മഹത്തായതാണ്. ഞങ്ങൾക്ക് അതിൽ വലിയ സന്തോഷമുണ്ട് മോനേ!'

### എന്തെല്ലാം പാഠങ്ങൾ:

*മരണപ്പെട്ട മാതാപിതാക്കൾക്കു വേണ്ടി മക്കൾ പുണ്യകർമ്മം ചെയ്യുമ്പോൾ അതവരെ ഏറെ സന്തോഷിപ്പിക്കുന്നു.*

*മരണപ്പെട്ടവർക്ക് വേണ്ടി വെള്ളിയാഴ്ചകളിൽ പുണ്യകർമ്മങ്ങൾ ചെയ്യുന്നതിന് വലിയ പ്രാധാന്യമുണ്ട്.*

*വഴിയിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നത് മഹത്തായ പുണ്യകർമ്മമാണ്.*

*കന്നുകാലികൾക്കും മറ്റു ജീവികൾക്കും ആഹാരം നൽകുന്നതും വലിയ പുണ്യകർമ്മം തന്നെ.*


സഫർ
ഹോ! നോമ്പുതുറ ക്കാൻ ഇനിയും നാല ഞ്ചു മണിക്കൂർ കഴിയ ണമല്ലോ. എന്താ ചെയ്യാ?
നമുക്ക് ഗ്രൗണ്ടി ലിറങ്ങി എന്തെ ങ്കിലും കളി ക്കാം.
ഈ കൊടും വെയിലത്തോ? തളർ ന്നുവീണുപോകും.
എന്നാൽ പാർക്കിൽ പോകാം.
ബീച്ചിൽ പോ യാലോ?
അതൊന്നും വേണ്ട. നമുക്ക് വെറുതെ ഈ അങ്ങാടിയിലൊ ന്നു ചുറ്റിയടിക്കാം.
സമയം പോയി ക്കിട്ടണമല്ലേ കൂട്ടുകാർക്ക്?
ങ്ങേ, സഫറോ? നീ ഇവിടെയു ണ്ടായിരുന്നോ?
ഓ, നിങ്ങൾ പ റഞ്ഞതൊക്കെ ഞാൻ കേട്ടു.
ഒന്നു വൈകുന്നേര മായിക്കിട്ടണമല്ലോ. വന്നിരിക്ക്. നമുക്ക് സൊറ പറയാം.


ഇതിനെക്കാളൊക്കെ നല്ലൊരു കാര്യം ഞാൻ പറയാം.
എന്താ? കേൾക്കട്ടെ.
നമുക്ക് പള്ളിയിൽ പോയിരിക്കാം. എന്തൊരു സുഖമാണവിടെ. ചൂടും പൊടിയുമൊന്നും ഏൽക്കാതെ!
അവിടെ കുറെ വയസ്സന്മാരുണ്ടാവും. ഒരു രസവുമുണ്ടാവില്ല.
അവിടെ ഇരിക്കുകയാണെങ്കിൽ ഖുർആൻ ഓതുകയോ ദിക്റ് ചൊല്ലുകയോ ഒക്കെ വേണ്ടേ?
ഒന്നും വേണ്ട ചങ്ങാതിമാരേ, നല്ല ഉദ്ദേശ്യത്തോടെ വെറുതെയങ്ങ് ഇരുന്നാൽ മതി. വലിയ പുണ്യമാണത്.
വെറുതെയിരുന്നാൽ പുണ്യം കിട്ടുമെന്നോ?
ഇഅ്തികാഫ് അല്ലേ സഫറേ?


അതേ. ഈ പള്ളിയിൽ ഞാൻ ഇഅ്തികാഫിരിക്കുന്നു എന്ന് നിയ്യത്തു ചെയ്ത് നല്ല വിചാരങ്ങളുമായി അവിടെയിരുന്നാൽ മതി.
ഇരിക്കുക തന്നെ വേണോ?
വേണമെന്നില്ല, കിടന്നാലും മതി.
ഉറങ്ങിപ്പോയാലോ?
ഉറങ്ങിപ്പോയാലും ഇഅ്തികാഫിന്റെ പുണ്യം ലഭിക്കും.
നേരോ? കൊള്ളാമല്ലോ കാര്യം.
അതാണ് ഞാൻ പറഞ്ഞത്, റമളാൻ മാസത്തിൽ ഏറ്റവും പുണ്യമേറിയ സൽകർമ്മങ്ങളിലൊന്നാണ് പള്ളിയിൽ ഇഅ്തികാഫിരിക്കൽ. ഒരു പ്രയാസവുമില്ലാതെ മഹത്തായ പ്രതിഫലം വാരിക്കൂട്ടാം.
എന്നാൽ എല്ലാവരും വന്നാട്ടെ, നമുക്ക് പള്ളിയിൽ പോയിരിക്കാം.

മനാസ്വിർ പട്‌ല

# ആത്മവിശ്വാസത്തോടെ പരീക്ഷഹാളിലേക്ക്

പരീക്ഷാകാലമാണല്ലോ. കൃത്യമായ തയ്യാറെടുപ്പോടെ വേണം പരീക്ഷാഹാളിലെത്താൻ. ഇല്ലെങ്കിൽ മാർക്ക് സ്കോർ ചെയ്യാൻ പ്രയാസപ്പെടും. കൂട്ടുകാർ ശ്രദ്ധിക്കാൻ ചില കാര്യങ്ങൾ:

## ആത്മവിശ്വാസം

പരീക്ഷയെ നേരിടാൻ ആത്മവിശ്വാസം വേണം. പഠിക്കാനും മനഃപാഠമാക്കാനുമുള്ള ശേഷി കുറവാണെങ്കിലും കഠിനാധ്വാനം ചെയ്യാനുള്ള മനസ്സും വിജയിക്കാനാവുമെന്ന പ്രതീക്ഷയും കൈവിടരുത്. മാതാപിതാക്കളുടെ നിർദ്ദേശങ്ങൾ പാലിക്കുകയും പോസിറ്റീവായി സംസാരിക്കുന്ന കൂട്ടുകാരുമായി മാത്രം കൂട്ടുകൂടുകയും ചെയ്യാം.



## പരീക്ഷപ്പേപ്പർ

മാറ്റങ്ങൾക്ക് വേഗത കൂടിയ കാലമാണല്ലോ. പരീക്ഷപ്പേപ്പറുകളിലുമുണ്ടാകാം മാറ്റങ്ങൾ. പരീക്ഷയിലെ ചോദ്യങ്ങളുടെ ഘടനയും മാർക്ക് നൽകുന്ന രീതികളും അറിഞ്ഞിരിക്കണം. അതിനനുസൃതമായ പരിശീലനങ്ങളും പഠനപ്രവർത്തനങ്ങളും ക്രമീകരിക്കാൻ ശ്രദ്ധിക്കണം. രക്ഷിതാക്കളും അധ്യാപകരും അതിനു സഹായിക്കും.

## പഠനമുറി

വീടിനകത്ത് ശാന്തമായ ഒരിടം സജ്ജീകരിക്കണം. രക്ഷിതാക്കളുടെ നിരീക്ഷണം ലഭിക്കുന്നതും ആവശ്യമായ വെളിച്ചവും വായുസഞ്ചാരമുള്ളതുമായ സ്ഥലമാണ് ഇതിനായി തയ്യാറാക്കേണ്ടത്. പഠനത്തിൽ നിന്നു ശ്രദ്ധ തെറ്റിക്കുന്ന ഡിജിറ്റൽ ഉപകരണങ്ങളായ സ്മാർട്ട്ഫോൺ, ടി.വി തുടങ്ങിയവ മുറിയിലില്ലാതിരിക്കാൻ ശ്രദ്ധിക്കുക.

## ആരോഗ്യം

പരീക്ഷക്കാലത്ത് ശാരീരികവും മാനസികവുമായ ആരോഗ്യം ഉറപ്പുവരുത്തണം. പരീക്ഷ



മാനസിക സമ്മർദ്ദം വർധിപ്പിക്കും. രാത്രി ആവശ്യമായ ഉറക്കം ലഭിച്ചില്ലെങ്കിൽ പകൽ പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയില്ല. രാത്രി 6–8 മണിക്കൂർ ഉറക്കം ലഭിക്കുന്നവിധത്തിൽ ടൈംടേബിൾ ക്രമീകരിക്കണം. കൊഴുപ്പുകൂടിയതും വറുത്തതുമായ ഭക്ഷണങ്ങൾ പരമാവധി ഒഴിവാക്കുക. തിളപ്പിച്ചാറിയ വെള്ളം ഇടയ്ക്കിടെ കുടിക്കുക, ജലാംശം കൂടുതലുള്ള പഴവർഗങ്ങൾ കഴിക്കുക.

## സമയക്രമീകരണം

കൃത്യമായ സ്റ്റഡിപ്ലാൻ

തയ്യാറാക്കി ഓരോ വിഷയവും പഠിക്കാൻ സമയം നിശ്ചയിക്കുക. കൂടുതൽ ശ്രദ്ധ നൽകേണ്ട വിഷയങ്ങൾക്ക് കൂടുതൽ സമയം നൽകാം. എല്ലാ വിഷയങ്ങൾക്കും ഷോർട്ട് നോട്ടുകൾ തയ്യാറാക്കി പരീക്ഷാദിവസം കണ്ണോടിക്കാം. ഓരോ ചോദ്യത്തിനും ഉത്തരമെഴുതാൻ എത്ര സമയം ചെലവഴിക്കണമെന്ന് പ്ലാൻ ചെയ്യുക.

## ഉപകരണങ്ങൾ

ഹാൾടിക്കറ്റ്, പേന, പെൻസിൽ, സ്കെയിൽ തുടങ്ങിയ അത്യാവശ്യമായ പഠനോപകരണങ്ങൾ തലേദിവസം തന്നെ ഒരുക്കി വെക്കണം. പരീക്ഷാ ടൈംടേബിൾ ശ്രദ്ധാപൂർവ്വം പരിശോധിച്ച് പരീക്ഷക്ക് തയ്യാറാവണം. പരീക്ഷാഹാളിൽ അരമണിക്കൂർ മുമ്പ് എത്താൻ ശ്രദ്ധിക്കണം. പരീക്ഷാഹാളിലിരിക്കുമ്പോൾ ഒരു വാച്ച് കൈയിലുണ്ടാകുന്നത് നല്ലതാണ്.

## പൊമൊഡോറോ

സമയക്രമീകരണത്തിനുപയോഗിക്കുന്ന ഒരു പ്രത്യേക ടെക്നിക്കാണ് പൊമൊഡോറോ. 1980കളിൽ ഫ്രാൻസെസ്കോ സിറില്ലോ എന്ന ഇറ്റാലിയൻ ഡെവലപ്പറാണ് ഈ രീതി കണ്ടെത്തിയത്. ഒരു ടാസ്ക് തിരഞ്ഞെടുത്ത് 25 മിനിറ്റ് പൂർണ്ണമായും ശ്രദ്ധിച്ച് പ്രവർത്തിക്കുക. ശേഷം അഞ്ചു മിനിറ്റ് വിശ്രമിക്കാനോ ചായ കുടിക്കാനോ ഇടവേളയെടുക്കാം. നാല് പൊമോഡോറോസ് (ഏകദേശം 2 മണിക്കൂർ) പൂർത്തിയാക്കിയ ശേഷം 15 മുതൽ 30 മിനിറ്റ് വരെ ദൈർഘ്യമുള്ള ഇടവേളയെടുക്കുക. ഈ സമയം മനസ്സിനും ശരീരത്തിനും പൂർണ്ണവിശ്രമം നൽകുക. ശ്രദ്ധ വർദ്ധിപ്പിക്കുന്നതിനും മാനസിക സമ്മർദ്ദം കുറക്കാനും ഇത് സഹായിക്കുന്നു.

## പ്രാർത്ഥന

പഠിച്ച കാര്യങ്ങൾ ഓർമ്മയിൽ വരാനും ഉന്നത വിജയം നേടാനും മഹാന്മാരുടെ പേരിൽ നന്മകൾ ഹദ്‌യ ചെയ്ത് അല്ലാഹുവിനോട് ദുആ ചെയ്യാം. മാതാപിതാക്കളോടും ഗുരുവര്യരോടും മഹാന്മാരോടും പരീക്ഷയിൽ വിജയിക്കുന്നതിന് വേണ്ടി പ്രാർത്ഥിക്കാൻ ആവശ്യപ്പെടുകയും ചെയ്യാം.

# ബാല്യ സ്മരണകൾ

അബു നന്മണ്ട

പള്ളിക്കൂടത്തിലെ കൊച്ചുബെഞ്ചിൽ
പതിവായി ഒന്നിച്ചിരുന്നു ഞങ്ങൾ.
ഒരു മെയ്യും ഒറ്റ മനസ്സുമായി
എന്നെന്നും സ്നേഹിച്ചിരുന്നു ഞങ്ങൾ.
പൂങ്കാവനത്തിലെ പൂക്കളെപ്പോൽ
ഒത്തൊരുമിച്ചു കളിച്ചു ഞങ്ങൾ.
നോക്കിലും വാക്കിലും പോക്കിലെല്ലാം
ഒന്നായൊരുമിച്ചു നിന്നു ഞങ്ങൾ.
പുസ്തകത്തിൽ മയിൽപ്പീലി വെച്ച്
ആകാശം കാട്ടാതെ കാത്തുവെച്ചോർ,
പീലി പെറുമെന്ന മോഹമോടെ
ആരാരും കാണാതെ നോക്കി നിന്നോർ.
ഒരു കൊച്ചു മഴയെങ്ങാൻ പെയ്തുവെന്നാൽ
ഒറ്റക്കുടക്കീഴിലൊതുങ്ങി നിന്നോർ.
പലവഴി താണ്ടിക്കടന്നു വന്നോർ
പലപല സ്വപ്നങ്ങൾ നെയ്തിരുന്നോർ
ഉള്ളാലെ ദുഃഖങ്ങൾ പേറിടുന്നോർ
പല വഴിയായിപ്പിരിഞ്ഞു പോയി.
കാപട്യമേശാത്ത കൊച്ചുബാല്യം
കാത്തുവെച്ചീടുന്നിതോർമകളിൽ.
എന്നെന്നുമോർക്കുമാ കൊച്ചുബാല്യം
ഒന്നായ് കളിച്ചു രസിച്ച ബാല്യം.



സുഹൈൽ തിനൂർ



# ആയിരം ദീനാർ

പള്ളിയിൽ ഉറങ്ങുകയായിരുന്നു ഒരാൾ. അദ്ദേഹത്തിന്റെ കയ്യിൽ ആയിരം ദീനാർ സൂക്ഷിച്ച ഒരു പണസഞ്ചിയുണ്ടായിരുന്നു. ഉറക്കമുണർന്നപ്പോൾ പണസഞ്ചി കാണാനില്ല. ചുറ്റും നോക്കിയപ്പോൾ പള്ളിയിൽ ഒരാൾ നിസ്കരിക്കുന്നതു കണ്ടു. മഹാനായ ജഅ്ഫർ സ്വാദിഖ്(റ) ആയിരുന്നു അദ്ദേഹം. ഉടനെ മഹാനെ സമീപിച്ച് അദ്ദേഹം പറഞ്ഞു: 'എന്റെ പണസഞ്ചി ആരോ മോഷ്ടിച്ചിട്ടുണ്ട്. ഇവിടെ നിങ്ങളെയല്ലാതെ

മറ്റാരെയും കാണുന്നില്ല.'

ഇതു കേട്ടപ്പോൾ ജഅ്ഫർ സ്വാദിഖ്(റ) ചോദിച്ചു: 'അതിൽ എത്ര ദീനാർ ഉണ്ടായിരുന്നു?'

'ആയിരം ദിനാർ.' അദ്ദേഹം മറുപടി നൽകി. ഉടനെ മഹാൻ വീട്ടിൽപോയി ആയിരം ദീനാർ കൊണ്ടുവന്ന് അയാൾക്കു നൽകി.

കൂട്ടുകാരോട് അയാൾ സംഭവം വിവരിച്ചു. അപ്പോൾ നഷ്ടപ്പെട്ട പണസഞ്ചി തിരിച്ചുനൽകിക്കൊണ്ട് കൂട്ടുകാർ പറഞ്ഞു: 'ഇതാണ് നിങ്ങളുടെ പണസഞ്ചി. ഞങ്ങൾ തമാശക്കു വേണ്ടി എടുത്തു മാറ്റിയതായിരുന്നു.'

അതുകേട്ട് അദ്ദേഹം ദുഃഖിതനായി. പള്ളിയിലേക്ക് തിരിച്ചുവന്ന് തനിക്കു പണം തന്നയാളെക്കുറിച്ച് അന്വേഷിച്ചു. അപ്പോൾ അവിടെയുള്ളവർ പറഞ്ഞു: 'അത് പ്രവാചകന്റെ പിതൃവ്യപുത്രനായ ജഅ്ഫർ സ്വാദിഖ്(റ) വാണ്.'

അയാൾ ഉടനെ മഹാനവർകളെ സമീപിച്ച് പണം തിരിച്ചുനൽകി മാപ്പപേക്ഷിച്ചു. എന്നാൽ മഹാനവർകൾ ആ പണം സ്വീകരിച്ചില്ല. അത് നിങ്ങൾക്ക് തന്ന സ്വദഖയാണെന്നും സ്വദഖ തിരിച്ചുവാങ്ങാൻ പാടില്ലെന്നുമായിരുന്നു മഹാനവർകളുടെ പ്രതികരണം. ❖

അബൂതസ്നീം

# ഉപ്പാവയുടെ നോമ്പോർമ്മകൾ

കുറെ ദിവസങ്ങളായി ഉമ്മക്കിത്തിരി തിരക്കാണ്. വർത്തമാനം പറയാനും കഥ പറയാനുമൊന്നും ഉമ്മയെ കിട്ടാറില്ല. 'എന്താണുമ്മാ, ഇങ്ങനെ' എന്ന് ചോദിച്ചാൽ ഉമ്മ പറയും: 'കുഞ്ഞ്യോനേ, കുഞ്ഞോളേ, റമളാൻ മാസമല്ലേ വര്ണത്. ആദരവാക്കപ്പെട്ട മാസമാണ്. അതിനെ സ്വീകരിക്കാൻ നമ്മൾ ഒരുങ്ങണം. ശരീരവും മനസ്സും ഉടുപ്പുകളും വീടും പരിസരവുമൊക്കെ വൃത്തിയാക്കി ഒരുങ്ങി നിൽക്കണം.'

അതുകേട്ട് കുഞ്ഞുമോനും കുഞ്ഞുമോളും ആ ഒരുക്കത്തിൽ പങ്കുചേരാൻ തുടങ്ങിയിട്ടുണ്ട്. ഞായറാഴ്ച നനച്ചുകുളിയായിരുന്നു. വീട്ടിലെ മേശകളും കസേരകളും വാതിലുകളും ജനലുകളും നിലവുമൊക്കെ കഴുകി വൃത്തിയാക്കലാണ് നനച്ചുകുളി. ഉപ്പയുമുണ്ട് നനച്ചുകുളിക്ക്. കുഞ്ഞുമോനും കുഞ്ഞുമോൾക്കും നല്ല രസം. അകത്തെല്ലാം വെള്ളമൊഴുക്കി അതിൽ ചവിട്ടിയും നിരങ്ങിയും കളിക്കാൻ നല്ല രസം! ഇടയ്ക്കിടെ ഉമ്മ വിളിച്ചു പറയും: 'മക്കളേ, ചുമരിലേക്കൊന്നും വെള്ളം തെറിപ്പിക്കല്ലേ!'

ഉപ്പ മുന്നറിയിപ്പു നൽകും: 'ശ്രദ്ധിച്ചില്ലെങ്കിൽ ആ വെള്ളത്തിൽ വഴുക്കി വീഴും ട്ടോ.'

അങ്ങനെ കളിക്കുമ്പോഴാണ് ഒരൊച്ച കേട്ടത്: 'പ്ധിം!' തിരിഞ്ഞുനോക്കുമ്പോഴുണ്ട് കുഞ്ഞുമോൾ വെള്ളത്തിൽ വഴുക്കി മലർ

ന്നുവീണു കിടക്കുന്നു. ചിരിച്ചു പോകാതിരിക്കുന്നതെങ്ങനെ! ചിരിക്കുന്നതു കണ്ടപ്പോൾ അവൾ ആർത്തു കരയാൻ തുടങ്ങി. 'ഞാനപ്പോഴേ പറഞ്ഞതല്ലേ' എന്നുപറഞ്ഞ് ഉപ്പയും ചിരിച്ചു. ഉമ്മ ഓടിവന്ന് പൊക്കിയെടുത്തപ്പോഴാണ് അവളുടെ കരച്ചിൽ നിന്നത്. ഭാഗ്യത്തിന് ഒന്നും പറ്റിയിട്ടില്ല. കുറച്ചു കഴിഞ്ഞപ്പോൾ അവൾ വീണ്ടും കളി തുടങ്ങി.

ഉച്ചകഴിഞ്ഞപ്പോഴാണ് കഴുകിത്തുടച്ചു തീർന്നത്. കുളിയും നിസ്കാരവും ഊണും കഴിഞ്ഞപ്പോൾ ഉമ്മ ഉപ്പയോട് പറയുന്നതു കേട്ടു: 'സമയമുണ്ടല്ലോ, നമുക്കൊന്ന് ഉപ്പാനേം ഉമ്മാനേം കാണാൻ പോയാലോ?'

അതു കേട്ടപാടെ കു



ഞ്ഞുമോൻ ചാടിയെണീറ്റു പറഞ്ഞു: 'പോകാം... പോകാം... ഇപ്പൊത്തന്നെ.'

'കുഞ്ഞ്യോളേം കൊണ്ടോകണേ...' കുഞ്ഞുമോളും തുള്ളിക്കളിക്കാൻ തുടങ്ങി.

ഉമ്മൂമാനേം ഉപ്പാവാനേം കാണാൻ പോകുന്നത് വലിയ സന്തോഷമുള്ള കാര്യമാണ്. അവിടെ കൂടെ കളിക്കാൻ മാമന്റെ മക്കളായ സാലിയും ഫിദയും ഹെനിയുമൊക്കെയുണ്ടാകും. അതിലേറെ കുഞ്ഞുമോന് സന്തോഷം ഉപ്പാവ പറയുന്ന കഥകൾ കേൾക്കാനാണ്. ഉപ്പാവാക്ക് ധാരാളം കഥകളറിയാം. പിന്നെ പഴയകാല അനുഭവകഥകളുമുണ്ടാകും. കാണുമ്പോൾ തന്നെ അണച്ചുകൂട്ടി ഉമ്മ തന്ന് ഉപ്പാവ



വർത്തമാനങ്ങൾ ചോദിക്കും. മദ്റസയിലും സ്കൂളിലുമൊക്കെ കിട്ടിയ സ്കോറുകൾ ഉപ്പാവാക്കറിയണം. നല്ല മാർക്കു കിട്ടിയെന്നറിഞ്ഞാൽ ഉപ്പാവ സമ്മാനങ്ങളും തരും. എല്ലാം സന്തോഷം തന്നെ.

‘എന്നാൽ ഒരുങ്ങിക്കോളൂ’ എന്ന് ഉപ്പ പറഞ്ഞതോടെ കുഞ്ഞുമോൻ ഡ്രസ്സെടുക്കാനോടി. ഏറ്റവും പുതിയ ഷർട്ടും പാന്റ്സും തന്നെയെടുത്തുടുത്തു. കുഞ്ഞുമോൾക്കും ഉമ്മ പുതിയ ഡ്രസ്സാണുടുപ്പിച്ചത്.

മുറ്റത്ത് കാറ് നിർത്തിയപ്പോഴേക്കും ഉപ്പാവ വാതിൽ തുറന്ന് ചിരിച്ചുകൊണ്ട് പറയുന്നു: ‘അല്ലാഹ്, ആരൊക്കെയാ ഈ വന്നിരിക്ക്ണത്... കുഞ്ഞ്യോനും കുഞ്ഞോളും... മക്കളേ കേറി വരിൻ...’

സലാം പറഞ്ഞ് വരാന്തയിലേക്കു കയറിയപ്പോൾ ഉപ്പാവാക്ക് വലിയ സന്തോഷം: ‘കുഞ്ഞ്യോനൊക്കെ ഇപ്പോ വല്യോനായിര്ക്ക്ണല്ലേ’ എന്ന് ചോദിച്ച് അണച്ചുകൂട്ടി ഉമ്മകൾ തന്നാണു സ്വീകരിച്ചത്.

‘എന്തേ മക്കളിത്ര വൈകിയത്? രാവിലെ വന്നൂടായിരുന്നോ?’ ഉമ്മയോടാണ് ചോദ്യം.

‘നനച്ചുകുള്യായിര്ന്ന്പ്പാ. എല്ലാം കഴിഞ്ഞ് ഇപ്പഴാ നേരം കിട്ട്യേത്.’ ഉമ്മയുടെ മറുപടി.

കുശലാന്വേഷണങ്ങൾക്കു ശേഷം ഉമ്മയും ഉപ്പയും കുഞ്ഞ്യോളും അകത്തേക്കു പോയപ്പോൾ കുഞ്ഞുമോൻ ഉപ്പാവയുടെ പിന്നാലെ കൂടി. ക്ലാസ്സിൽ ഒന്നാം റാങ്ക് നേടിയതും മറ്റുമായി ഒരുപാട് വിശേഷങ്ങൾ പറയാനുണ്ടല്ലോ. അതിനിടെ ഉപ്പാവ ചോദിച്ചു: ‘കുഞ്ഞ്യോനേ, നോമ്പല്ലേ വര്ണത്. കുഞ്ഞ്യോനൊക്കെ ഒര്ങ്ങ്യോ?’

‘നനച്ചുകുളിക്ക് ഞാനും കൂടീര്ന്ന്.’

‘അതല്ലെടോ ചോദിച്ചത്. മനസ്സോണ്ട് ഒരുങ്ങ്യോന്ന്.’

‘മനസ്സോണ്ടെങ്ങന്യാ ഒരുങ്ങേണ്ടതുപ്പാവാ?’

‘നോമ്പ് നോൽക്കാനും ഖുർആനോതാനും തറാവീഹ് നിസ്കരിക്കാനും മറ്റുമുള്ള തീരുമാനം തന്നെ.’

‘ങാ... അതൊക്കെ ഒരുങ്ങീക്ക്ണ്.’

‘എങ്ങനെ? കഴിഞ്ഞ കൊല്ലം മോനെത്ര നോമ്പാ നോറ്റത്?’



'പതിനഞ്ചെണ്ണം.'
'ഇക്കൊല്ലം എത്ര നോൽക്കും?'
'ഇക്കൊല്ലം എല്ലാ നോമ്പും നോൽക്കണം ന്നാ.'
'ങാ... അങ്ങനെത്തന്നെ വേണം. പിന്നെ ഖുർആനോതുന്നതോ?'
'മുപ്പത് ജുസ്അ് ഓതണം.'
'ഒരു ഖത്മ് തീർക്കണമെന്നല്ലേ? നല്ല മോൻ! ഇങ്ങനെ ആദ്യം തന്നെ നല്ല തീരുമാനം വേണം. എന്നാൽ നമ്മൾക്ക് അങ്ങനെയൊക്കെ ചെയ്യാൻ പടച്ചോൻ തൗഫീഖ് നൽകും. ഉറച്ച തീരുമാനമൊന്നുമില്ലെങ്കിൽ നമ്മൾ മടിയന്മാരായിപ്പോകും.'
'ഉപ്പാവ കുട്ടിക്കാലത്ത് നോമ്പൊക്കെ നോൽക്കാറുണ്ടായിര്ന്നോ?' പഴയ കഥകൾ കേൾക്കാനുള്ള കൗതുകത്തോടെ കുഞ്ഞുമോൻ ചോദിച്ചു.
'പിന്നില്ലാതെ...? നെന്റത്ര ആകുന്നതിനുമുമ്പേ തന്നെ ഞാനെല്ലാ നോമ്പും നോൽക്കാറ്ണ്ടായിര്ന്ന്... അന്നൊക്കെ ന്റെ മോനേ, വല്ലാത്തൊരു നോമ്പായിര്ന്ന്. വേണ്ടത്ര തിന്നാനൊന്നും ഇല്ലാത്ത കാലല്ലേ! നോമ്പ് നോൽക്കാന് ഒരുപിടി വറ്റു കിട്ടും. തുറക്കുമ്പോ അധികവും പൂളക്കറിയാ... ചിലപ്പോ ഒരു പത്തിരീമുണ്ടാകും.'
'അന്ന് ചിക്കനൊന്നും ണ്ടാകാറില്ലായിരന്നോ പ്പാവാ?'
'ചിക്കനോ... കോഴിക്കൂട്ടില്ണ്ടാവും... പാത്രത്തിലേക്കെത്തൂലാ. ചെലപ്പോ മീൻകറി ണ്ടാവും; അധികവും മത്തിക്കറി. പിന്നെ ചീരോക്കഞ്ഞീം.'
'ഉപ്പാവ തറാവിക്ക് പോകാറ്ണ്ടായിര്ന്നോ?'
'ങാ... തറാവീഹ് ഇരുപത് റക്അത്ത് നിസ്കരിക്കും. അത് കഴിയുമ്പോ പന്ത്രണ്ടു മണിയൊക്കെയാവും. നിസ്കരിച്ചു കഴിഞ്ഞാൽ എല്ലാരും കൂടി 'അലൽ മുസ്തഫന്നബീ സലാം' എന്നുള്ള സ്വലാത്ത് ഉറക്കെ ചൊല്ലും. അതുകേട്ടാണ് പെണ്ണുങ്ങൾ അത്താഴത്തിനുള്ള ഭക്ഷണമുണ്ടാക്കാനെണീക്കുക.'
'നോമ്പു തുറക്കുമ്പോഴും ഇങ്ങനെ സ്വലാത്ത്ണ്ടാവോ ഉപ്പാവാ?'
'അതില്ല, ബാങ്കുവി



ചന്തിരൂർ താഹ

## പൂവ് പറഞ്ഞത്

പൂവ് പറഞ്ഞതു കേട്ടില്ലേ
എന്നെ നുള്ളിയെടുക്കല്ലേ
പൂന്തേനൊത്തിരി നൽകീടാം
പൂമ്പൊടിയെങ്ങും വിതറീടാം
വണ്ടുകളെ, പൂമ്പാറ്റകളെ
വിരുന്നൊരുക്കി വിളിച്ചീടാം
കാറ്റിൽ പൂമണമേറ്റി വരാം
കുഞ്ഞുമനസ്സിന് കുളിരേകാം.

ളി കേട്ടാ നോമ്പ് തുറക്കാ്വ. അല്ലെങ്കില് വെടി പൊട്ടുന്നത് കേട്ട്.'

'വെടി പൊട്ട്വേ?'

'ങാ, കുഞ്ഞ്യോനേ. പണ്ട് ഇന്നത്തെപ്പോലെ അടുത്തടുത്ത് പള്ളികളുണ്ടായിരുന്നില്ലല്ലോ. പള്ളികളില് മൈക്കും സ്പീക്കറുമുണ്ടായിര്ന്നില്ല. അതോണ്ട് ബാങ്ക് എല്ലാടത്തേക്കും കേൾക്കില്ല. അപ്പോ പിന്നെ ചിലേടത്ത് കതീന പൊട്ടിക്കും. അതിന്റെ ഒച്ച ദൂരെ കേൾക്കും. അതുകേട്ട് ആളുകൾ നോമ്പുതുറക്കും. ഞങ്ങൾ മുറ്റത്തേക്കിറങ്ങി നിന്ന് വെടി പൊട്ടുന്നോന്ന് കാതോർത്തു നിൽക്കും. പൊട്ടിയാൽ സന്തോഷത്തോടെ വിളിച്ചുപറയും: 'വെടി പോട്ട്യേ, നോമ്പൊറക്കാ്വ'ന്ന്.

അതോർത്ത് കുഞ്ഞുമോൻ ചിരിച്ചു. ഉപ്പാവയും ചിരിച്ചു. അപ്പോഴേക്കും ഫിദ ഓടിവന്നല്ലോ; കുഞ്ഞ്യോനേ, വാ ചായ കുടിക്കാൻ എന്നു പറഞ്ഞ്.


ഹോജ
ഹോജ പാൽ വാങ്ങാൻ അങ്ങാടിയിലെത്തി.
എനിക്ക് ഒരു ലിറ്റർ പശുപ്പാൽ വേണം.
ഈ പാത്രത്തിലേക്കാണോ ഒഴിക്കേണ്ടത്?
അതേ.
കഷ്ടം! ഈ പാത്രത്തിൽ ഒരു ലിറ്റർ പശുപ്പാൽ കൊള്ളില്ലല്ലോ.
എങ്കിൽ ഒരു ലിറ്റർ ആട്ടിൻപാലൊഴിച്ചോളൂ...

Current Affairs

## സഞ്ചാർ സാഥി

സൈബർ സുരക്ഷ ലക്ഷ്യമാക്കിയുള്ള സഞ്ചാർ സാഥി വെബ്സൈറ്റിന്റെ മൊബൈൽ ആപ്ലിക്കേഷൻ ടെലികോം മന്ത്രാലയം പുറത്തിറക്കി. മൊബൈൽ ഫോൺ നഷ്ടപ്പെട്ടെങ്കിൽ ബ്ലോക്ക് ചെയ്യാനും സ്വന്തംപേരിൽ മറ്റാരെങ്കിലും മൊബൈൽ കണക്ഷനെടുത്തിട്ടുണ്ടെങ്കിൽ പരാതി നൽകാനും ആപ് വഴി കഴിയും.

## വാനോളം ഇന്ത്യ



അന്താരാഷ്ട്ര ബഹിരാകാശനിലയത്തിലേക്ക് പോകുന്ന ആക്സിയോം ദൗത്യത്തിന്റെ (എ.എക്സ്-4) പൈലറ്റായി വ്യോമസേനയിൽ ഗ്രൂപ് ക്യാപ്റ്റനായ സുധാംശു ശുക്ലയെ തിരഞ്ഞെടുത്തു. നാസയും ഐ.എസ്.ആർ.ഒയും സ്വകാര്യകമ്പനിയായ ആക്സിയോം സ്പെയ്സും ചേർന്നാണ് ഫ്ളോറിഡയിൽനിന്ന് വിക്ഷേപണം നടത്തുന്നത്. 14 ദിവസം ഇവർ ബഹിരാകാശനിലയത്തിൽ ചെലവഴിക്കും. ഉത്തർപ്രദേശിലെ ലഖ്നൗ സ്വദേശിയാണ് ശുക്ല.

## സെഞ്ച്വറിക്കുതിപ്പ്

ഐ.എസ്.ആർ.ഒയുടെ ശ്രീഹരിക്കോട്ട സതീഷ് ധവാൻ സ്പെയ്സ് സെന്ററിൽനിന്നുള്ള 100-ാം ദൗത്യം വിജയകരം. ജനുവരി 29ന് രാവിലെ 6.23ന് ജി.എസ്.എൽ.വി-15 റോക്കറ്റാണ് എൻ.വി.എസ് 02 ഉപഗ്രഹവുമായി ഉയർന്നത്. 1979 ഓഗസ്റ്റിലായിരുന്നു ശ്രീഹരിക്കോട്ടയിൽനിന്നുള്ള ആദ്യവിക്ഷേപണം. പൂർണ വിജയത്തിലെത്തിയ ആദ്യ വിക്ഷേപണം 1980 ജൂലൈയിലായിരുന്നു. ഡോ. വി നാരായണനാണ് നിലവിൽ ഐ.എസ്. ആർ.ഒ. ചെയർമാൻ.

## മഞ്ഞൾ ബോർഡ്

തെലങ്കാനയിലെ നിസാമാബാദ് ആസ്ഥാനമായി ദേശീയ മഞ്ഞൾ ബോർഡ് (നാഷനൽ ടർമറിക് ബോർഡ്) നിലവിൽ വന്നു. മഞ്ഞൾ കൃഷിയും മൂല്യവർധിത ഉൽപന്നങ്ങളും പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടാണു ബോർഡിന്റെ രൂപീകരണം. പല്ലെ ഗംഗ റെഡ്ഡിയാണ് പ്രഥമ അധ്യക്ഷൻ.

സയ്യിദ് ശമ്മാസ് വലിയോറ

# ആശിച്ചു വന്നവരെ നിരാശരാക്കരുത്

**വി**ദൂരദേശത്തുള്ള ഒരാളുടെ പക്കൽ തിരുനബി(സ)യുടെ ഹദീസുകളുണ്ടെന്ന വിവരമറിഞ്ഞ ഇമാം അഹ്മദുബ്നുഹമ്പൽ(റ) ഉടനെ അദ്ദേഹത്തെ തേടി യാത്ര പുറപ്പെട്ടു. ദിവസങ്ങൾ നീണ്ട യാത്രക്കു ശേഷം അദ്ദേഹത്തെ കണ്ടെത്തി. ഒരു നായക്ക് ഭക്ഷണം നൽകിക്കൊണ്ടിരിക്കുകയായിരുന്നു അദ്ദേഹം. അടുത്തു ചെന്ന് ഇമാം സലാം പറഞ്ഞു. സലാം മടക്കി അദ്ദേഹം തന്റെ ജോലി തുടർന്നു. തന്നെ പരിഗണിക്കാതെ നായക്ക് ഭക്ഷണം നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച അദ്ദേഹത്തിന്റെ പെരുമാറ്റം ഇമാമിന് മനഃപ്രയാസമുണ്ടാക്കി. നായക്ക് വയർ നിറഞ്ഞപ്പോൾ അദ്ദേഹം അഹ്മദുബ്നു ഹമ്പൽ(റ)വിനു നേർക്ക് തിരിഞ്ഞു ചോദിച്ചു: 'താങ്കളെ പരിഗണിക്കാതെ ഞാൻ നായക്ക് ഭക്ഷണം നൽകിയത് താങ്കൾക്ക് വിഷമമുണ്ടാക്കിയെങ്കിൽ ക്ഷമിക്കണം, ഒരു നബിവചനമോർത്താണ് ഞാനങ്ങനെ ചെയ്തത്.'

'ഏതാണാ നബിവചനം?' ഇമാം അഹ്മദുബ്നു ഹമ്പൽ(റ) ചോദിച്ചു.

'പ്രതീക്ഷയർപ്പിച്ചു വരുന്നവരെ നിരാശപ്പെടുത്തിയാൽ അന്ത്യനാളിൽ അല്ലാഹു അവരെയും



നിരാശപ്പെടുത്തും. അവന്ന് സ്വർഗപ്രവേശം ലഭിക്കുന്നതുമല്ല' എന്ന് തിരുദൂതർ(സ) പറഞ്ഞിട്ടുണ്ട്. പൊതുവെ നായകളെ കാണാത്ത പ്രദേശമാണിത്. ഈ നായ എന്നിൽ നിന്ന് ഭക്ഷണം പ്രതീക്ഷിച്ചെത്തിയതാവാം. അതിനെ നിരാശപ്പെടുത്തിയാൽ പരലോകത്ത് അല്ലാഹു എന്നെയും നിരാശപ്പെടുത്തുമോ എന്ന പേടിയാണ് നായക്കു ഭക്ഷണം നൽകിയപ്പോൾ താങ്കളെ പരിഗണിക്കാതിരുന്നതിന്നു കാരണം.' അദ്ദേഹം വാക്കുകളവസാനിപ്പിച്ചപ്പോൾ അഹ്മദുബ്നുഹമ്പൽ(റ) പറഞ്ഞു:

'ഈ ഹദീസ് തന്നെ എനിക്കു ധാരാളം.' ഹദീസ് ലഭിച്ച നിർവൃതിയിൽ ഇമാം മടങ്ങി.

# കാട്ടിലെ വീതംവെപ്പ്


സിംഹവും കരടിയും കുറുക്കനും സുഹൃത്തുക്കളായിരുന്നു.
നമുക്കൊരു കരാർ ഉണ്ടാക്കിയാലോ?
എന്തു കരാർ?


വേട്ടയാടിപ്പിടിക്കുന്ന മൃഗങ്ങളെ നമുക്കൊരുമിച്ച് പങ്കിട്ടു കഴിക്കാം.
ശരി, സമ്മതിച്ചു.
ഞാനും തയ്യാർ.


വൈകാതെ കരടി ഒരു മാനിനെ വേട്ടയാടിപ്പിടിച്ചു.
വേട്ടയാടിപ്പിടിച്ചത് ഞാനാണല്ലോ. ഞാൻ തന്നെ വീതം വെക്കാം.
ശരി വീതിച്ചോളൂ.



കരടി മാനിനെ മൂന്നു തുല്യ ഭാഗങ്ങളാക്കി.
ങ്ഹേ! എനിക്ക് ഇത്ര പോരാ.
ഇത് സിംഹത്തിന്
ഞാൻ കാട്ടിലെ രാജാവാണെന്നറിയില്ലേ? നിങ്ങൾക്കുള്ളതിന്റെ ഇരട്ടി വേണം എനിക്ക്.
അതെങ്ങനെ ശരിയാവും? തുല്യമായി വീതിക്കാമെന്നല്ലേ കരാർ?
വൈകാതെ അടിപിടിയായി.
ഇത് ചതിയാണ്. കരാർ ലംഘിക്കരുത്.
അതൊന്നും പറഞ്ഞാൽ പറ്റില്ല. നിന്നെ ഞാൻ ഇപ്പോൾ വകവരുത്തും.


വൈകാതെ സിംഹം കരടിയെ വകവരുത്തി.
വിഡ്ഢി! ഇങ്ങനെയാണോ രാജാവിന് വീതം വയ്ക്കൽ?
സൂക്ഷിച്ചില്ലെങ്കിൽ ഇവൻ എന്നെയും വകവരുത്തും.
കുറുക്കച്ചാരേ, മാനിനെ വീതം വെച്ചോളൂ.
എനിക്ക് മാനിന്റെ വാൽ മാത്രം മതി. ബാക്കിയെല്ലാം അങ്ങു തന്നെ എടുത്തോളൂ.
മിടുക്കൻ! ഇങ്ങനെ വേണം വീതംവെക്കാൻ.
ആരാണ് നിന്നെ ഇത്ര ഭംഗിയായി വീതംവെക്കാൻ പഠിപ്പിച്ചത്?
ദാ, ആ മണ്ടൻ കരടി തന്നെ!



സ്വാതന്ത്ര്യസമരത്തിലെ മുസ്‌ലിം സേനാനികൾ

ഹാഫിള് മുഹ്സിൻ തൂത

# ബഹദൂർഷാ സഫർ



ഇന്ത്യയിലെ അവസാനത്തെ മുഗൾഭരണാധികാരിയായിരുന്നു ബഹദൂർഷാ സഫർ. അക്ബർ ഷാ രണ്ടാമന്റെയും ലാൽബായിയുടെയും മകനായി 1775 ഒക്ടോബർ 24നായിരുന്നു അദ്ദേഹത്തിന്റെ ജനനം. ഒന്നാം സ്വാതന്ത്ര്യസമരത്തിൽ അദ്ദേഹം നിർണായക പങ്കുവഹിച്ചു. നാമമാത്ര ഭരണാധികാരിയായിരുന്നുവെങ്കിലും ബ്രിട്ടീഷുകാരിൽനിന്ന് രാജ്യത്തിന് സ്വാതന്ത്ര്യം നേടാൻ ബഹദൂർഷാ സഫർ തീവ്രമായി ആഗ്രഹിച്ചു. അതിനാൽ ബ്രിട്ടീഷുകാരുമായി സമവായത്തിലെത്തിലെത്തി സുഖസൗകര്യങ്ങളോടെ ജീവിക്കാൻ അവസരമുണ്ടായിരുന്നെങ്കിലും മരണം വരെ ബ്രിട്ടീഷുകാർക്കെതിരെ പോരാടാനായിരുന്നു അദ്ദേഹത്തിന്റെ തീരുമാനം.

## നാടുകടത്തൽ

ഒന്നാം സ്വാതന്ത്ര്യസമരത്തിൽ ബ്രിട്ടീഷുകാർക്കെതിരെ പോരാടിയ മീററ്റിലെ സൈനികനേതൃത്വം ഏറ്റെടുക്കുമ്പോൾ ബഹദൂർഷാ സഫറിന് 82 വയസ്സായിരുന്നു. പിതാവിന്റെ മരണശേഷം 1837 ലാണ് അദ്ദേഹം മുഗൾചക്രവർത്തിയായത്. മുഗൾചക്രവർത്തി പദവി അസ്തമിച്ചുതുടങ്ങിയ കാലമായിരുന്നു അത്. മീററ്റിലെ സൈനികരാണ് അദ്ദേഹത്തെ തങ്ങളുടെ നേതാവായി തെരഞ്ഞെടുത്തത്. ബ്രിട്ടീഷുകാരുടെ നയതന്ത്രത്തെ തുടർന്ന് ഈ യുദ്ധം അധിക കാലം നീണ്ടില്ല. ഹുമയൂണിന്റെ ശവകുടീരത്തിൽ അഭയം പ്രാപിച്ച സഫറിനെ രാജ്യദ്രോഹക്കുറ്റവും കൊലപാതകക്കുറ്റവും ചുമത്തി ബ്രിട്ടീഷുകാർ അറസ്റ്റ് ചെയ്തു.

1858 ൽ 40 ദിവസം നീണ്ടുനിന്ന വിചാരണക്കൊടുവിൽ അദ്ദേഹത്തെ കുറ്റക്കാരനായി പ്രഖ്യാപിക്കുകയും ബർമ്മയിലെ റംഗൂണിലേക്ക് നാടുകടത്തുകയും ചെയ്തു. തങ്ങൾക്കെതിരെ ബഹദൂർഷാ സഫർ ജനങ്ങളെക്കൂട്ടി സമരം നയിക്കുമെന്ന ഭയമായിരുന്നു ഈ നാടുകടത്തലിനു ബ്രിട്ടീഷുകാരെ പ്രേരിപ്പിച്ചത്.

### കവിയുടെ വിയോഗം

നാടുകടത്തപ്പെട്ട നാളുകളിൽ കവിതകളായിരുന്നു ബഹദൂർ ഷാ സഫറിന് തന്റെ വികാരങ്ങൾ പ്രകടിപ്പിക്കാനുള്ള ഏക ആശ്രയം. ഇതറിഞ്ഞ ബ്രിട്ടീഷുകാർ പേനയോ വിളക്കോ കടലാസോ നൽകാതെ അദ്ദേഹത്തെ മാനസികമായി തളർത്താൻ ശ്രമിച്ചു. എന്നാൽ ചാർക്കോൾ ഉപയോഗിച്ച് ചുവരുകളിൽ ഗസലുകളെഴുതി സഫർ ബ്രിട്ടീഷുകാർക്ക് മറുപടി നൽകി. മെഹ്റൗലിയിലെ സഫർമഹലിൽ തന്നെ അടക്കം ചെയ്യണമെന്നായിരുന്നു ആ ദേശസ്നേഹിയുടെ അന്ത്യാഭിലാഷം. 1862 നവംബർ 7ന് അദ്ദേഹം റംഗൂണിലെ ജയിലിൽ വച്ച് മരണമടഞ്ഞു. സഫറിന്റെ മരണവാർത്ത പ്രചരിച്ചാൽ ഇന്ത്യയിൽ വീണ്ടും കലാപം ആളിക്കത്തുമെന്ന് പേടിച്ച് ബ്രിട്ടീഷുകാർ അദ്ദേഹത്തിന്റെ അന്ത്യകർമ്മങ്ങളെല്ലാം രഹസ്യമായി നടത്തി. 1907ൽ സഫറിന്റെ ഖബറിടം അടയാളപ്പെടുത്തി അവിടെ ഒരു ശിലാലിഖിതം സ്ഥാപിച്ചു. ഇന്ന് ആ സ്ഥലം സഫർ ദർഗ എന്നറിയപ്പെടുന്നു.




ഡൽഹിയിൽ ബഹദൂർ ഷാ സഫറിന്റെ പേരിൽ റോഡുകളും പാർക്കുകളുമുണ്ട്.

പാകിസ്ഥാനിലെ ലാഹോറിലും അദ്ദേഹത്തിന്റെ പേരിലറിയപ്പെടുന്ന റോഡുണ്ട്. അദ്ദേഹത്തോടുള്ള ബഹുമാനാർത്ഥം ബംഗ്ലാദേശിലെ ധാക്കയിലുള്ള വിക്ടോറിയപാർക്കിനെ ബഹദൂർഷാ സഫർ പാർക്ക് എന്ന് പുനർനാമകരണം ചെയ്തിരുന്നു.

എം.കെ റെനിൽ

# പൂമ്പാറ്റകളുടെ ചങ്ങാതി

ഉച്ചതിരിഞ്ഞ നേരത്ത് പൂന്തോട്ടത്തിൽ എങ്ങു നിന്നോ രണ്ടു കൊച്ചുപൂമ്പാറ്റകൾ പാറിപ്പറന്നെത്തി.

ആദ്യം വന്നത് ഒരു സുന്ദരിപ്പൂമ്പാറ്റയായിരുന്നു. അവൾക്ക് തുമ്പപ്പൂ പോലെ ചന്തമേറിയ വെളുവെളുത്ത ചിറകുകളുണ്ടായിരുന്നു. രണ്ടാമത്തെ പൂമ്പാറ്റയും സുന്ദരി തന്നെയായിരുന്നു. ഓടപ്പൂ പോലെ അഴകാർന്ന മഞ്ഞനിറമുള്ള കുഞ്ഞുചിറകുകളായിരുന്നു അവൾക്കുണ്ടായിരുന്നത്.

തുമ്പപ്പൂച്ചിറകുള്ള പൂമ്പാറ്റ ഓടപ്പൂച്ചിറകുള്ള പൂമ്പാറ്റയോട് പറഞ്ഞു:

‘പൂ പോലുള്ളൊരു പൂമ്പാറ്റേ,  
മഞ്ഞയുടുത്തൊരു പൂമ്പാറ്റേ,  
കണ്ടോ കണ്ടോ ചെമ്പരത്തി  
ചന്തമെഴുന്നൊരു ചെമ്പരത്തി  
കൂടെക്കൂട്ടാമിവളെ നമുക്കിനി  
നമ്മുടെ നല്ലൊരു കൂട്ടായി.’

പൂന്തോട്ടത്തിൽ വിരിഞ്ഞുല്ലസിച്ച് നിൽക്കുന്ന ചുവപ്പുനിറമുള്ള ചെമ്പരത്തിപ്പൂവിനെ മഞ്ഞപ്പൂമ്പാറ്റ

## ഡീപ്സീക്ക് തരംഗം

ചെലവും നിയന്ത്രണങ്ങളും കുറഞ്ഞ ഡീപ്സീക്ക് ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് പ്ലാറ്റ്ഫോം ചൈന ജനുവരി 28ന് അവതരിപ്പിച്ചു. ചൈനയിലെ ഹാങ്ഷുവിൽ ലിയാങ് വെൻഫെങ് എന്ന ഗവേഷകനാണ് ഡീപ്സീക് വികസിപ്പിച്ചത്. ആർ1 എന്നാണു ഡീപ്സീക്കിന്റെ പുതിയ പതിപ്പിന്റെ പേര്.




ഓപ്പൺ എഐ, മെറ്റ തുടങ്ങിയ കമ്പനികൾ ഹാർഡ്‌വെയറിൽ ചെലവഴിക്കുന്നതിനെക്കാൾ കുറഞ്ഞ തുകയാണ് ഡീപ്സീക്ക് ചെലവഴിക്കുന്നത്.

അപ്പോഴാണ് കണ്ടത്. വെള്ളപ്പൂമ്പാറ്റ പറഞ്ഞതുപോലെ സുന്ദരിയായ ചെമ്പരത്തിപ്പൂവിനെ ചങ്ങാതിയാക്കാമെന്ന് അവൾക്കും തോന്നി.

അങ്ങനെ മൂന്നുപേരും ചങ്ങാതിമാരായി. അപ്പോഴാണ് വേറൊരാൾ അവിടെയെത്തിയത്. അത് മറ്റാരുമായിരുന്നില്ല, വീട്ടിനകത്തും പുറത്തുമൊക്കെയായി പാറിപ്പറന്നു നടക്കുന്ന ഒരു മിന്നാമിന്നിക്കുഞ്ഞ്.



മിന്നാമിന്നിക്കുഞ്ഞ് ഒരു പാവമായിരുന്നു. അവൾക്ക് മനോഹരമായ ചിറകുകളോ നിറമോ ഒന്നുമുണ്ടായിരുന്നില്ല.

മിന്നാമിന്നിക്കുഞ്ഞ് പൂമ്പാറ്റയോട് ചോദിച്ചു:

'കൂട്ടുകാരേ, നിങ്ങൾക്കൊപ്പം
എന്നെക്കൂടി കൂട്ടാമോ
നമ്മൾക്കൊന്നായ് കളിയാടീടാം
പാട്ടുകൾ പാടി രസിച്ചീടാം.'

അതുകേട്ടപ്പോൾ പൂമ്പാറ്റകൾക്കും ചെമ്പരത്തിപ്പൂവിനും ചിരിപൊട്ടി. 'ചെമ്പരത്തിയെപ്പോലെ ചന്തമേറിയ



നിറമോ പൂമ്പാറ്റകളെപ്പോലെ മനോഹരമായ ചിറകുകളോ ഇല്ലാത്ത മിന്നാമിന്നിക്കുഞ്ഞിനെ എന്തിനു കൊള്ളാം'

എവർ മിന്നാമിന്നിക്കുഞ്ഞിനെ കളിയാക്കി.

അവരൊന്നിച്ച് മിന്നാമിന്നിയോട് പറഞ്ഞു:

'ഇല്ലാ, നിന്നെ കൂട്ടില്ലാ
ഒപ്പം കൂട്ടാനൊക്കില്ലാ
കാണാനഴകു നിനക്കില്ലാ
ഞങ്ങൾക്കൊപ്പം കൂടേണ്ട.'

അതു കേട്ടപ്പോൾ മിന്നാമിന്നിക്കുഞ്ഞിന് വലിയ സങ്കടമായി. അവൾ അപ്പോൾ തന്നെ കരഞ്ഞുകൊണ്ട് പാറിപ്പോയി.

നേരം രാത്രിയായി. പൂന്തോട്ടത്തിലെ ഒരു തുമ്പച്ചെടിയുടെ ഇലച്ചുവട്ടിൽ വിശ്രമിക്കുകയായിരുന്നു രണ്ടു പൂമ്പാറ്റകളും. ചുറ്റും കൂരിരുട്ടായിരുന്നു.



അപ്പോഴല്ലേ, രസം! നിലാവു പോലെ ഒരു വെളിച്ചം അവിടമാകെ പരന്നു. പാവം മിന്നാമിന്നിക്കുഞ്ഞ് അതിമനോഹരമായ വെളിച്ചം പരത്തിക്കൊണ്ട് പറന്നുകളിക്കുകയാണ്! പൂമ്പാറ്റകൾ അന്തംവിട്ടു നോക്കിനിന്നുപോയി.

മനോഹരമായ ചിറകുകളില്ലെന്നും കാണാൻ ചന്തമില്ലെന്നും പറഞ്ഞ് തങ്ങൾ കളിയാക്കിയ മിന്നാമിന്നിക്കുഞ്ഞിന് ഇങ്ങനെയൊരു കഴിവുണ്ടെന്ന് അവർക്കറിയുമായിരുന്നില്ല. വർണ്ണച്ചിറകുള്ള തങ്ങളെപ്പോലെത്തന്നെ, വിണ്ണിൽ വെളിച്ചം വിതറുന്ന മിന്നാമിന്നിയും ഒരു സുന്ദരി തന്നെയാണെന്ന് പൂമ്പാറ്റകൾക്കു മനസ്സിലായി.

പിന്നീടൊരിക്കലും അവർ ആരെയും കളിയാക്കിയിട്ടില്ല.



സമസ്ത ചരിത്രം - 17

# മൗലാനാ സി അബ്ദുറഹ്മാൻ മുസ്‌ലിയാർ

എഴുപത്തിയഞ്ചു വർഷത്തിലധികം മുമ്പ് നടന്ന സംഭവമാണ്. കോഴിക്കോട്ടങ്ങാടിയിൽ പലയിടത്തും ഒരു ഖാദിയാനി വന്ന് പ്രസംഗിച്ച് പലരെയും ആശയക്കുഴപ്പത്തിലാക്കി. അയാൾ ഉന്നയിച്ച ചോദ്യങ്ങൾക്കു മറുപടി പറയണം. സംശയങ്ങൾ തീർക്കണം.

ഇന്നത്തെപ്പോലെ സുന്നി സംഘടനകളോ പ്രസംഗകരോ രംഗത്തില്ലാത്ത കാലമാണ്. കെ.എം മുഹമ്മദ് കോയ എന്ന സാമൂഹിക പ്രവർത്തകനും കൂട്ടുകാരും ചേർന്ന് ഖാദിയാനിക്ക് മറുപടി കൊടുക്കാൻ വഅ്ള് പരിപാടി സംഘടിപ്പിച്ചു.

വഅ്ള് പറയാൻ വന്നയാൾക്ക് ജനങ്ങളുടെ സംശയം തീർക്കാനോ ഖാദിയാനിയുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകാനോ കഴിഞ്ഞില്ല. രണ്ടാം ദിവസവും മടുപ്പൻ പ്രസംഗം കേൾക്കാനാവാതെ ജനങ്ങൾ ഒഴിഞ്ഞുപോയി. നിരാശനായ കെ.എം തന്റെ സൈക്കിളിൽ കോഴിക്കോട്ട് അങ്ങാടിയിലൂടെ ഒന്നു ചുറ്റി സഞ്ചരിച്ചു. അത്യാ

വശ്യം പ്രസംഗിക്കാൻ പറ്റുന്ന ഒരാളെ കിട്ടിയെങ്കിൽ എന്ന ഉദ്ദേശ്യത്തോടെ.

ആ പോക്കിലാണ് മാനാഞ്ചിറക്കടുത്തുള്ള സിമന്റ് കസേരയിൽ ഒരു മുസ്‌ലിയാരുട്ടി ഇരിക്കുന്നതു കണ്ടത്. അടുത്ത് ചെന്നു സലാം പറഞ്ഞു പരിചയപ്പെട്ടു. അബ്ദുറഹ്മാൻ എന്നാണ് പേരെന്നും പന്നൂർ സ്വദേശിയാണെന്നും മുസ്‌ലിയാരുട്ടി പറഞ്ഞു. 'പ്രസംഗിക്കാനറിയാമോ' എന്നായി അടുത്ത ചോദ്യം. 'കുറച്ചൊക്കെ' എന്ന മറുപടി വന്നപ്പോൾ 'എന്നാൽ എന്റെ സൈക്കിളിനു പിറകിൽ കയറൂ' എന്നുപറഞ്ഞു കെ.എം. മുസ്‌ലിയാരുട്ടി സൈക്കിളിനു പിറകിൽ കയറി. കുറ്റിച്ചിറയിലാണു പരിപാടി.

## നോമ്പ് കാലം



**വി**ശുദ്ധ റമളാനെത്തുമ്പോൾ
വിശ്വാസികളിൽ ആനന്ദം.
വ്രതകാലത്തിൽ കർമങ്ങൾ
ചെയ്യാനെന്തൊരു മാധുര്യം.

വിശുദ്ധ ഖുർആൻ വചനങ്ങൾ
ഖൽബിനു നൽകും സൗരഭ്യം.
ഖദ്റിൻരാവിൻ പുണ്യങ്ങൾ
നേടാനായാൽ സാഫല്യം.

ബദ്റിൻ ത്യാഗച്ചരിതങ്ങൾ
സ്മരണയിലെന്നും സമ്പന്നം
വിശുദ്ധ റമളാനെത്തുമ്പോൾ
മണ്ണിൽ വിണ്ണിൽ ആനന്ദം.

**റൈഹാൻ**



അവരെത്തുമ്പോൾ പരിപാടി കഴിഞ്ഞിരുന്നു. ജനങ്ങളെല്ലാം സ്ഥലം വിട്ടിരുന്നു. കെ.എം മൈക്ക് ഓണാക്കി മുസ്‌ലിയാരുട്ടിയോട് ഖാദിയാനികൾക്കെതിരെ പ്രസംഗിക്കാൻ പറഞ്ഞു.

അങ്ങനെ പ്രസംഗം തുടങ്ങി: 'മാന്യ സഹോദരീ സഹോദരങ്ങളേ......' മധുരതരമായ ശബ്ദം മുഴങ്ങി. നിമിഷങ്ങൾക്കകം ജനങ്ങൾ തടിച്ചുകൂടി. ഖുർആനും ഹദീസും ഉദ്ധരിച്ച് ഖാദിയാനികൾക്ക് അക്കമിട്ട മറുപടി കൊടുത്തു. ജനങ്ങളുടെ സംശയം തീർത്തു. ഖാദിയാനിയുടെ അടപ്പൂരി.

അന്ന് കോഴിക്കോട്ടങ്ങാടിയിലെ ജനങ്ങളെ നേർവഴിയിൽ ഉറപ്പിച്ചു നിർത്തിയ ആ മുസ്‌ലിയാരുട്ടിയാണ് പിൽക്കാലത്ത് പ്രഭാഷണവേദികളിൽ തിളങ്ങിയ മഹാപണ്ഡിതനായ സി അബ്ദുറഹ്മാൻ മുസ്‌ലിയാർ, പന്നൂർ.

പഴയകാലത്ത് പ്രഗത്ഭ പ്രസംഗകനും മഹാപണ്ഡിതനുമായിരുന്ന പന്നൂർ ചാലിൽ കുഞ്ഞിബാവ മുസ്‌ലിയാരുടെ മകനായി 1919 ലാണ് സി അബ്ദുറഹ്മാൻ മുസ്‌ലിയാരുടെ ജനനം. എളേറ്റിൽ ചേക്കുഹാജിയുടെ മകൾ ഉമ്മാത്തു ഹജ്ജുമ്മയാണ് മാതാവ്. നാട്ടിലെ ഓത്തുപള്ളിയിൽ നിന്നാണ് പഠനാരംഭം. പിന്നെ പിതാവിന്റെ കൊടുവള്ളിയിലുള്ള ദർസിൽ ചേർന്നു. അവിടെനിന്ന് വാഴക്കാട് ദാറുൽഉലൂമിലേക്കു പോയി. 1947ൽ വെല്ലൂർ ബാഖിയാത്തിൽ ബിരുദ പഠനത്തിന് ചേർന്നു. രണ്ടു വർഷത്തെ പഠനത്തോടെ ബാഖവിയായി.

ആദ്യം ദർസ് തുടങ്ങിയത് സ്വന്തം നാടായ പന്നൂരിൽ തന്നെയാണ്. പിന്നെ പാലങ്ങോട്ടേക്ക് മാറി. 1951 ൽ നെടിയനാട് മുദരിസായി. 1990 വരെ നാൽപ്പതു കൊല്ലം അവിടെത്തന്നെയായിരുന്നു സേവനം. അങ്ങനെ നെടിയനാട് സി അബ്ദുറഹ്മാൻ മുസ്‌ലിയാർ

എന്നറിയപ്പെട്ടു. നെടിയനാട്ട് അനേകം തലമുറകളുടെ ഉസ്താദായ അദ്ദേഹം അവരുടെ എല്ലാ കാര്യങ്ങളിലും ഇടപെടുന്ന ഒരു കാരണവർ തന്നെയായിരുന്നു. ജനങ്ങളുടെ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ കുടുംബ പ്രശ്നങ്ങളിലെല്ലാം ഉസ്താദ് ഇടപെടുകയും ഉപദേശനിർദ്ദേശങ്ങൾ നൽകുകയും പ്രശ്നങ്ങൾ പരിഹരിക്കുകയുമൊക്കെ ചെയ്തിരുന്നു.

വിനയാന്വിതനായിരുന്നു സി ഉസ്താദ്. തന്നെ സമീപിക്കുന്ന ആരെയും അദ്ദേഹം അവഗണിച്ചിരുന്നില്ല. വലുപ്പച്ചെറുപ്പമില്ലാതെ എല്ലാവരോടും തുല്യ സമീപനമായിരുന്നു. കുട്ടികളെപ്പോലും 'നിങ്ങൾ' എന്നു ബഹുമാനത്തോടെയായിരുന്നു അഭിസംബോധന ചെയ്തിരുന്നത്. ആരു ക്ഷണിച്ചാലും സ്വീകരിച്ചിരുന്നു. ഏതു കുഗ്രാമത്തിലേക്ക് വഅ്ളിനു ക്ഷണിച്ചാലും പോകും. നടന്നാണ് പോവുക. വഅ്ള് കഴിഞ്ഞാൽ ആരെയും കാത്തിരിക്കാതെ തിരിച്ചും നടക്കും. വീട്ടിൽ ആരു വന്നാലും ചായയെങ്കിലും കുടിക്കാതെ വിടില്ല. വരുന്നവർക്ക് പറയാനുള്ളതെല്ലാം സശ്രദ്ധം കേൾക്കും. പരിഹാരമാർഗ്ഗങ്ങൾ പറഞ്ഞുകൊടുക്കും. ഉപദേശങ്ങൾ നൽകും. അവർക്കായി പ്രാർത്ഥിക്കും. ഇങ്ങനെ, തന്നെ സമീപിക്കുന്നവരെയെല്ലാം സന്തോഷിപ്പിച്ചു വിടുന്ന പ്രകൃതമായിരുന്നു ഉസ്താദിന്റേത്. എന്നാൽ തെറ്റ് എവിടെ ആരിൽ കണ്ടാലും തുറന്നുപറഞ്ഞു തിരുത്താൻ അദ്ദേഹം മടിച്ചിരുന്നില്ല.

അതിസൂക്ഷ്മജീവിതം നയിച്ച ഉസ്താദ് ഒരു നിമിഷവും വെറുതെ പാഴാക്കിയിരുന്നില്ല. നല്ല ശുദ്ധ മലയാളത്തിൽ സ്ഫുടമായി പ്രസംഗിക്കാറുള്ള ഉസ്താദ് നല്ല വായനക്കാരനായിരുന്നു. ഓരോ വഅ്ളിലും ശരിക്കും ഗ്രന്ഥങ്ങൾ പരിശോധിച്ചു കുറിപ്പുകൾ തയ്യാറാക്കിയേ പോയിരുന്നുള്ളൂ. വടിവൊത്ത കൈയക്ഷരമായിരുന്നു ഉസ്താദിന്റേത്. ഇങ്ങനെ എല്ലാ നിലക്കും മാതൃകാപുരുഷനായിരുന്നു മൗലാനാ സി
ഉസ്താദ്. ആഗസ്റ്റ് പതിനാ 2002
റിന് ആ മഹാപണ്ഡിതൻ ഈ ലോകത്തോട് വിടപറഞ്ഞു. സമസ്ത മുശാവറ അംഗമായിരുന്ന ഉസ്താദ് മരിക്കുമ്പോൾ സി.എം സെന്റർ ശരീഅഃ കോളേജ് പ്രിൻസിപ്പാളായിരുന്നു.

# ചോട്ടുവിന്റെ മീൻപിടിത്തം




ചോട്ടു ചാടിച്ചാടി അവിടെയെത്തി.
അവർ പോയെന്നു തോന്നുന്നു. ഇതു തന്നെ തക്കം.
ഇനി വല ആഞ്ഞു വീശാം.
അടുത്ത നിമിഷം,
ഹുയ്യോ, രക്ഷിക്കണേ!
ആരോ പുഴയിൽ വീണെന്നു തോന്നുന്നു. പോയി നോക്കാം.
ഹ ഹ! കോളടിച്ചു. ഒരു കുരങ്ങനല്ലേ വലയിൽ?
ഇവനെ സർക്കസുകാർക്ക് വിൽക്കാം. നല്ല വില കിട്ടും.
കഷ്ടം! ആവശ്യമില്ലാത്ത പണിക്കു പോകരുതായിരുന്നു.

സത്യൻ കല്ലുരുട്ടി

# സേവകൻ കുറുക്കൻ

**കു**റുക്കനായിരുന്നു സിംഹരാജാവിന്റെ വിശ്വസ്തനായ സേവകൻ. സിംഹം വേട്ടയ്ക്ക് പോകുമ്പോഴെല്ലാം കുറുക്കനെയും ഒപ്പം കൂട്ടും.

അങ്ങനെയിരിക്കെ ഒരു ദിവസം ഒരു ആനയുമായി മല്ലിട്ട് സിംഹത്തിന് മാരകമായി മുറിവേറ്റു. അതോടെ വേട്ടയാടാനുള്ള ശക്തിയും നഷ്ടപ്പെട്ടു. 'ഇനി ഒരു മാർഗ്ഗമേയുള്ളൂ. കാട്ടിലെ മറ്റു മൃഗങ്ങളെ എന്തെങ്കിലും പറഞ്ഞ് അരികിലെത്തിക്കുക. അതിന് എന്തുകൊണ്ടും യോഗ്യൻ കുറുക്കൻ തന്നെ.' സിംഹം ചിന്തിച്ചു.

അങ്ങനെ ഈ ഉദ്യമം സിംഹം കുറുക്കനെ ഏൽപ്പിച്ചു. കുറുക്കൻ സിംഹത്തിനുള്ള ഇരയും തേടി കാട്ടിൽ അലയുകയായിരുന്നു. അപ്പോഴാണ് ഒരു കഴുത മുന്നിൽ വന്നുപെട്ടത്.

കുറുക്കൻ കഴുതയോട് ചോദിച്ചു: 'എന്താ ചങ്ങാതീ, ഇങ്ങനെ മെലിഞ്ഞുണങ്ങിയിരിക്കുന്നത്?'

കഴുത പറഞ്ഞു: 'വേണ്ടത്ര ആഹാരം ലഭിക്കുന്നില്ല. പച്ചപ്പുല്ല് കണ്ടിട്ട് ദിവസങ്ങൾ പലതായി.'

അതുകേട്ട് കുറുക്കൻ പറഞ്ഞു: 'അങ്ങനെയോ? ധാരാളം പച്ചപ്പുല്ല് വളർന്നു നിൽക്കുന്ന പുൽമേട് ഞാൻ നിനക്ക് കാണിച്ചു തരാം. എന്നോടൊപ്പം വരൂ.'

അതു വിശ്വസിച്ച് കഴുത കുറുക്കനോടൊപ്പം ചെന്നു.

കുറുക്കൻ കഴുതയെയും കൊണ്ട് നേരെ പോയത് സിംഹരാജന്റെ ഗുഹക്കരികിലേക്കാണ്. വിശന്നു വലഞ്ഞിരിക്കുകയായിരുന്ന സിംഹം കഴുതയെ ഒറ്റക്കുതി

പ്പിന് വകവരുത്തി.

ഭക്ഷണം കഴിക്കുന്നതിനു മുമ്പ് സിംഹത്തിന് ഒരു കുളി പതിവുണ്ടായിരുന്നു. സിംഹം കഴുതയെ നോക്കാൻ കുറുക്കനെയേൽപ്പിച്ച് പുഴയിലേക്ക് പോയി.

എന്നാൽ, കൊതിയൻ കുറുക്കൻ തക്കം നോക്കി കഴുതയുടെ തലച്ചോറ് അകത്താക്കി.

കഴുതയുടെ തലച്ചോറ് കാണാത്തതിൽ സിംഹം കുറുക്കനെ ചോദ്യം ചെയ്തു:

'ഇതിന്റെ തലച്ചോറെവിടെ? സത്യം പറയുന്നതാണ് നിനക്ക് നല്ലത്.'

കുറുക്കൻ വിനയത്തോടെ പറഞ്ഞു: 'സിംഹരാജൻ, ഈ കഴുതക്ക് തലച്ചോറുണ്ടാവാൻ സാധ്യതയില്ല. തലച്ചോറുണ്ടായിരുന്നെങ്കിൽ ഇത് എന്നെ വിശ്വസിച്ച് ഇവിടെ വരുമായിരുന്നോ?'

സിഹം അതു വിശ്വസിച്ച് കഴുതയിറച്ചി അകത്താക്കി.



# ക്വിസ് ആനുകാലികം പൊതുവിജ്ഞാനം

1. ശ്രീഹരിക്കോട്ടയിൽ നിന്ന് ഐ.എസ്.ആർ.ഒ വിക്ഷേപിച്ച നൂറാമത്തെ ഉപഗ്രഹം?

2. ഐസിസി 2024 ടെസ്റ്റ് ക്രിക്കറ്റർ ഓഫ് ദി ഇയർ ബഹുമതി നേടിയ ഇന്ത്യൻ താരം?

3. ഡീപ്സീക് ഏതു രാജ്യത്തിന്റെ ടെക് സ്റ്റാർട്ടപ്പാണ്?

4. സ്പേസ് ഡോക്കിംഗ് സാങ്കേതികവിദ്യ സ്വന്തമാക്കിയ എത്രാമത്തെ രാജ്യമാണ് ഇന്ത്യ?

5. 2024 ലെ എഴുപത്തിയെട്ടാമത് സന്തോഷ് ട്രോഫി ഫുട്ബോൾ കിരീടം നേടിയതാര്?

6. മാലിന്യം വലിച്ചെറിയുന്ന ശീലം ഇല്ലാതാക്കാൻ വേണ്ടി ജനുവരി ഒന്നിന് സംസ്ഥാന സർക്കാർ ആരംഭിച്ച പരിപാടി?

7. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിലവിലെ അധ്യക്ഷൻ?

8. ബീഹാറിന്റെ പുതിയ ഗവർണർ?

9. 2024ലെ നെറ്റ്വർക്ക് റെഡിനസ്സ് ഇൻഡക്സിൽ ഇന്ത്യയുടെ സ്ഥാനം?

10. ഇന്ത്യയിലെ ആദ്യ സീറോ വേസ്റ്റ് എയർപോർട്ട്?

11. 38-ാമത് ദേശീയ ഗെയിംസിന്റെ ഭാഗ്യചിഹ്നം?

12. ഇത്തവണത്തെ ദേശീയ ഗെയിംസ് പ്രമേയം?

13. 2025 ജനുവരിയിൽ അയർലാൻഡിൽ വീശിയ ചുഴലിക്കാറ്റ്?

14. വ്യാജ സൗന്ദര്യവർദ്ധക വസ്തുക്കൾ വിപണിയിലെത്തുന്നുണ്ടോ എന്ന്








ജസ്പ്രീത് ബുംറ, ജസ്റ്റിസ് വി രാമസുബ്രഹ്മണ്യൻ, ആരിഫ് മുഹമ്മദ് ഖാൻ, മൻമോഹൻ സിംഗ്, കഴ്സൺ പ്രഭു

പരിശോധിക്കുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടത്തിവരുന്ന പരിശോധന?

15. കേരളത്തിന്റെ എത്രാമത്തെ ഗവർണറാണ് വിശ്വനാഥ് ആർലേക്കർ?

16. സിഖ് സമുദായത്തിൽ നിന്നുള്ള ആദ്യ ഇന്ത്യൻ പ്രധാനമന്ത്രി?

17. ഈയിടെ അന്തരിച്ച ജിമ്മി കാർട്ടർ അമേരിക്കയുടെ എത്രാമത്തെ പ്രസിഡന്റായിരുന്നു?

18. ഇന്ത്യയിൽ ഏതു തടാകത്തിലാണ് ഈയിടെ ഡോൾഫിൻ സെൻസസിന് തുടക്കമിട്ടത്?

19. ഇന്ത്യൻ പ്രധാനമന്ത്രിയായ ഏറ്റവും പ്രായം കൂടിയ വ്യക്തി?

20. കേരളത്തിൽ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച ആദ്യ മണ്ഡലം?

21. ബ്രിട്ടീഷ് ഇന്ത്യയിലെ ഔറംഗസീബ് എന്നറിയപ്പെട്ട വൈസ്രോയി?

22. 2025 ജനുവരി 25ന് ദേശീയ തെരഞ്ഞെടുപ്പ് കമ്മീഷന്റെ എത്രാമത്തെ വാർഷികമാണ് ആഘോഷിച്ചത്?

23. സാർക്കി(SAARC)ന്റെ ആസ്ഥാനം?

24. ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാപകൻ?

25. ഇന്ത്യയുടെ ആദ്യ ബഹിരാകാശ ടെലസ്കോപ്പ്?

**ഉത്തരങ്ങൾ**

1. എൻ.വി.എസ് 02, 2. ജസ്പ്രീത് ബുംറ, 3. ചൈന, 4. നാലാമത്, 5. പശ്ചിമബംഗാൾ, 6. വലിച്ചെറിയൽ വിരുദ്ധ വാരം, 7. ജസ്റ്റിസ് വി രാമസുബ്രഹ്മണ്യൻ, 8. ആരിഫ് മുഹമ്മദ് ഖാൻ, 9. 49, 10. ദേവി അഹല്യബായ് എയർപോർട്ട്, മധ്യപ്രദേശ്, 11. ഹിമാലയൻ മൊണാൽ, 12. സങ്കല്പ് സേ ശികർ തക്, 13. എവോയ്ൻ, 14. ഓപ്പറേഷൻ സൗന്ദര്യ, 15. ഇരുപത്തിമൂന്നാമത്, 16. മൻമോഹൻ സിംഗ്, 17. 39-ാമത്, 18. ചിൽക്ക തടാകം (ഒഡീഷ), 19. മൊറാർജി ദേശായി, 20. തളിപ്പറമ്പ്, 21. കഴ്സൺ പ്രഭു, 22. 75-ാമത്, 23. കാഠ്മണ്ഡു, 24. എ.ഒ ഹ്യൂം, 25. അസ്ട്രോസാറ്റ്


മിസ്റ്റർ
മണ്ടപ്പൻ
മച്ചൂ, നല്ല നാടൻ കോഴിയിറച്ചി തിന്ന കാലം മറന്നു.
ഹ! എനിക്കാ കൊതി എന്നോ തുടങ്ങിയതാ.
എവിടെ നിന്ന് കിട്ടും നല്ല നാടൻ കോഴിയിറച്ചി?
നാടൻ വേണമെ ങ്കിൽ വീട്ടിൽ വളർ ത്തിയെടുക്കണം.
മാർക്കറ്റിലൊന്നു പോയി നോക്കി യാലോ?
മാർക്കറ്റിൽ എല്ലാം ബ്രോയി ലർ ആണെന്നേ.


എന്നാൽ നമുക്ക് കോഴിക്കൃഷി തുടങ്ങിയാലോ?
അതിന്, ആദ്യം നല്ല കൂട് റെഡിയാക്കണം. കുറുനരി മുതൽ കടുവ വരെ നാട്ടിൽ സുലഭമാണ്.
ആദ്യം കൂടുണ്ടാക്കാനുള്ള മരം കണ്ടെത്തണം.
മരം ഈർന്ന് പലകയാക്കിയാൽ കൂട് ഞാനുണ്ടാക്കാം.
മച്ചുവിന് ആശാരിപ്പണിയും വശമുണ്ടോ?
ഹ! അതൊക്കെ ചോദിക്കാനുണ്ടോ.
എങ്കിൽ ജീപ്പെടുത്തോളൂ. ഉണ്ടാക്കാനുള്ള പലകയും ആണിയുമെല്ലാം വാങ്ങി വരാം.


അപ്പന്മാർ നിർമ്മാണ വസ്തുക്കളുമായി വീട്ടിലേക്ക്.
കാര്യങ്ങൾ ഇനി മച്ചുവിന്റെ കയ്യിലാണ്. അറിയാമല്ലോ?
നോ ടെൻഷൻ, അതെല്ലാം ഞാനേറ്റു.
രണ്ടുദിവസം കൊണ്ട് ഉഗ്രൻ കോഴിക്കൂട് റെഡിയാകും.
അണ്ണൻ നല്ല ഒന്നാന്തരം നാടൻ കോഴിക്കുഞ്ഞുങ്ങളെ കിട്ടാനുള്ള വഴി അന്വേഷിച്ചോളൂ.
നല്ല ഒന്നാന്തരം തേക്കാണെന്നാണ് പറഞ്ഞത്.
മരം ഒന്നാം തരമായാൽ കൂടും ഒന്നാം തരമാകും.



പക്ഷേ, മച്ചൂ. നമ്മൾ ആണി വാങ്ങാൻ മറന്നു.
ആണി വാങ്ങിയിട്ടുണ്ടല്ലോ. വണ്ടിയുടെ പിറകിൽ പൊതിഞ്ഞു വച്ചതാണ്.
എങ്കിൽ ഷുവർ, വഴിയിൽ എവിടെയെങ്കിലും വീണിട്ടുണ്ടാവും.
എന്നാൽ, വൈകണ്ട. ബൈക്കെടുത്ത് വന്ന വഴിയെ ഒന്നു പോയി നോക്കാം. വാ അണ്ണേ.
അൽപ്പദൂരം പോയപ്പോൾ.
ദേ, അവിടെ ഒരു കൂറ്റൻ ലോറി.
ടയർ പഞ്ചറായതാണെന്ന് തോന്നുന്നു.


നിറയെ മരത്തടിയാണല്ലോ.
അണ്ണേ! സംഗതി കുഴപ്പമായോ? നമ്മുടെ ആണിയല്ലേ ആ പൊതിയഴിഞ്ഞ് കിടക്കുന്നത്?
ശശ്! മിണ്ടല്ലേ, സംഗതി പ്രശ്നമാണ്.
എന്തുപറ്റി ഫ്രണ്ട്സ്?
ങേ, പഞ്ചറാണ് സാർ!
എങ്ങോട്ടാണീ തടി കൊണ്ടുപോകുന്നത്?
അത്... അത്...


എന്തോ പന്തി കേടുണ്ടല്ലോ.
ഹഹ! നല്ല ഉഗ്രൻ ചന്ദന ത്തടികൾ!
ഹമ്പട! ചന്ദന കടത്താണല്ലേ ഹോബി!
ഏമാന്മാർ സ്ഥലത്ത്
കേറടാ ജീപ്പിൽ!
അപ്പന്മാരുടെ പഞ്ചർതന്ത്രം അപാരം തന്നെ!
ചാനലുകളിൽ ബിഗ് ബ്രേക്കിംഗ്...
അന്തർസംസ്ഥാന ചന്ദന കടത്തു സംഘത്തെ അതിസാഹസികമായി പിടികൂടി അപ്പന്മാർ!

നോവൽ – 17

മുജ്തബ നസ്വീഹ്

# പോസ്റ്റ്മാനെ കാണണം

## അബൂട്ടി

വേഗം സ്വുബ്ഹ് നിസ്കരിച്ച് അബൂട്ടി മുറ്റത്തേക്കിറങ്ങി. അവനെ കണ്ടതോടെ ആടുകൾ ശബ്ദമുണ്ടാക്കാൻ തുടങ്ങി: മ് മ് മ്... ഏ... മേ... മ്ഹേ... മ്മേ...!

അവ പുറത്തേക്ക് തുറന്നുവിടാൻ പറയുകയാണോ, അതോ അബൂട്ടിയോട് വർത്തമാനം പറയുകയാണോ?

'എന്താണ് നിന്റെ മുഖത്തൊരു സങ്കടം' എന്ന് അവ ചോദിക്കുന്നതായി അബൂട്ടിക്കു തോന്നി. അവയോട് അവൻ തന്റെ കഥകളെല്ലാം തുറന്നു പറയാറുണ്ടല്ലോ. മലമുകളിലെത്തിയാൽ മരത്തണലിൽ വിശ്രമിക്കുമ്പോൾ ആടുകളിൽ ചിലർ വന്ന് ദേഹത്തിൽ മുട്ടിയുരുമ്മിക്കളിക്കും. മുഖത്തും നെറ്റിയിലും തലയിലുമൊക്കെ ഉമ്മ തരുംപോലെ മണപ്പിക്കും. മെല്ലെ ചില ശബ്ദങ്ങൾ പുറപ്പെടുവിക്കും. അപ്പോൾ അബൂട്ടി അവയെ തലോടി വർത്തമാനങ്ങൾ പറയും. വിഷമങ്ങളൊക്കെ അവയോട് തുറന്നു പറയുമ്പോൾ മനസ്സിനൊരു സമാധാനം കിട്ടും. സങ്കടങ്ങൾ പറഞ്ഞു തീർക്കാൻ അബൂട്ടിക്കു മറ്റാരുമില്ലല്ലോ.

ആട്ടിൻകൂട്ടിനടുത്തേക്കു നടക്കുമ്പോൾ മാമിയുടെ ഒച്ച കേട്ടു: 'ചായ കുടിച്ചിട്ട് പൊയ്ക്കോ ചെക്കാ. ഇന്നലെ രാത്രിയേ പട്ടിണിയല്ലേ!'

ഇത്തിരി ദയയോ സ്നേഹമോ ഇല്ലാത്ത വിളിയാണ്. ചെക്കാ എന്ന വിളി കേൾക്കുമ്പോൾ തന്നെ ഈറ പിടിക്കും. അടുക്കള

യിലേക്ക് കയറണോ വേ ണ്ടയോ എന്ന് ഒരു നിമിഷം സംശയിച്ചു നിന്നു. വയറു കാളുന്നുണ്ട്. തൊണ്ട വരളു ന്നുമുണ്ട്. ഒന്നും കഴിക്കാതെ ആടുകൾക്കൊപ്പം പോയാൽ എവിടെയെങ്കിലും തളർന്നു വീണുപോകും. അബൂട്ടി തിരിഞ്ഞ് അടുക്കളയിലേക്ക് നടന്നു.

പ്ലേറ്റ് കഴുകാനെടു ത്തപ്പോൾ മാമി ഡൈനിംഗ് ടേബിളിലേക്ക് വിരൽ ചൂണ്ടി പറഞ്ഞു: 'അതാ, എടുത്തു വെച്ചിട്ടുണ്ട്.'

പതിവില്ലാത്തതാണ്. എന്നും പ്ലേറ്റ് കഴുകി മാമി യുടെ മുമ്പിൽ ചെന്നു നീട്ടി ക്കാണിക്കാറാണ്. ഇന്നെന്താ ണിങ്ങനെ?

അബൂട്ടി ടേബിളി



ന്നടുത്തേക്ക് ചെന്നിരുന്ന് ദോശ തിന്നു, ചായ കുടിച്ചു. പാത്രം കഴുകിവച്ച് പുറത്തേക്കിറങ്ങി. അപ്പോൾ അവർ പറഞ്ഞു: 'ഉച്ചയ്ക്ക് തിന്നാൻ എന്തെങ്കിലുമെടുത്തോ.'

'മാമിയുടെ സംസാരത്തിൽ വന്ന മാറ്റം അബൂട്ടി ശ്രദ്ധിച്ചു. അവർക്കു തന്നോടിത്തിരി ദയ തോന്നിത്തുടങ്ങിയിട്ടുണ്ടോ?

വാതിൽ തുറന്നപ്പോഴേക്കും കൂട്ടിൽ നിന്ന് ആടുകൾ പുറത്തേക്കിറങ്ങാൻ തിക്കിത്തിരക്കി. പാത്രത്തിൽ എടുത്തുവച്ച വെള്ളത്തിനടുത്തേക്കാണവ ഓടുന്നത്. നല്ല ദാഹവുമുണ്ടാകും. വിശപ്പുണ്ടാവും. ദാഹത്തിന്റെയും വിശപ്പിന്റെയും പ്രയാസം അബൂട്ടിക്ക്



നന്നായറിയാമല്ലോ. അതു കൊണ്ടുതന്നെ വഴിയിൽ എവിടെയെങ്കിലും പുല്ലോ കാട്ടുചെടികളോ കണ്ടാൽ അതിനടുത്തേക്ക് ആർത്തി യോടെ ഓടുന്ന ആടുകളെ അവൻ അടിച്ചോടിക്കാറില്ല. മലമുകളിലെത്തുന്നതു വരെ ചവയ്ക്കാൻ നാലിലയെങ്കി ലും വായിലെത്തിക്കോട്ടെ എന്നാണവൻ വിചാരിക്കാറ്.

ആടുകൾ മേയാൻ തുടങ്ങിയപ്പോൾ അബൂട്ടി മരച്ചുവട്ടിലെ പാറക്കല്ലിൽ കയറിയിരുന്നു. അവന്റെ മന സ്സ് പല രംഗങ്ങളിലേക്കും പറന്നുപോയി. സമ്മാനമായി കിട്ടിയ ഷർട്ടും പാന്റ്സുമിട്ടാ ണല്ലോ ഇന്ന് ദർസിൽ പോ കുക. അതോർക്കുമ്പോൾ നല്ല സന്തോഷമുണ്ട്. മാ മിയും മാമനും വല്ലതും പറയുമോ എന്ന പേടിയുമു ണ്ട്. എന്തിനു പേടിക്കണം? ഇത്തരമൊരു നല്ല ഡ്രസ്സ് മാ മനിതുവരെ വാങ്ങിത്തന്നിട്ടി ല്ലല്ലോ. വല്ലതും പറഞ്ഞാൽ അത് തുറന്നു പറയണം. അവന് ധൈര്യവും അഭിമാ നവും തോന്നി.

പുതിയ ഡ്രസ്സുകൾ ഉമ്മയെ കാണിക്കാൻ വലിയ ആഗ്രഹമുണ്ട്. കാണിക്കു ന്നത് പോകട്ടെ, ഈ വിവര മൊന്നറിയിക്കാൻ പോലും കഴിയില്ലല്ലോ എന്നോർത്ത പ്പോൾ മനസ്സ് പിടഞ്ഞു. ഉമ്മ യ്ക്ക് നേരിലൊരു കത്തെ ഴുതണമെന്ന് ആഗ്രഹമുണ്ട്. പക്ഷേ, എങ്ങനെയാണെ ഴുതേണ്ടത്, അയക്കേണ്ടത് എന്നൊന്നുമറിയില്ല. പോസ്റ്റു മാനാണ് കത്ത് കൊണ്ടുവ ന്നു തരാറ് എന്ന് കേട്ടിട്ടുണ്ട്. അയാളോട് ചോദിച്ചാലറി യാം എന്നൊരിക്കൽ അയ ലത്തെ അമീൻ പറഞ്ഞിരു ന്നു. എന്നാൽ പോസ്റ്റ്മാനെ ഇന്നേവരെ കാണാൻ കഴി ഞ്ഞിട്ടില്ല. രാവിലെ മല കയറി അന്തിയാകുമ്പോൾ തിരിച്ചെത്തുന്ന അബൂട്ടിയെ ങ്ങനെ പോസ്റ്റുമാനെ കാ ണാൻ?

പുതിയ ഷർട്ടും പാന്റ് സുമിട്ട് ദർസിൽ കയറിച്ചെ ന്നപ്പോൾ ദർസ് പെട്ടെന്ന് നിശ്ശബ്ദമായി. കുട്ടികളെല്ലാം ഓത്തു നിർത്തി തന്നെ ശ്രദ്ധിക്കുകയാണ്. ഇതു വരെ ചെമ്മണ്ണു പുരണ്ട് മുഷിഞ്ഞ തുണിയും കുപ്പാ യവുമിട്ട അബൂട്ടിയാണല്ലോ ഈ വന്നിരിക്കുന്നത്. എല്ലാ മുഖങ്ങളിലും കൗതുകം. തന്നെ എല്ലാവരും ശ്രദ്ധി ക്കുന്നു എന്നു മനസ്സിലാ യപ്പോൾ അവനു വല്ലാത്ത

**ബേക്കൽ കോട്ട**

കാസർഗോഡ് ജില്ലയിൽ സ്ഥിതി ചെയ്യുന്ന ബേക്കൽകോട്ടയാണ് കേരളത്തിലെ ഏറ്റവും വലിയ കോട്ട. അറബിക്കടലിന്റെ തീരത്ത് 35 ഏക്കറിൽ പരന്നുകിടക്കുന്ന ഈ കോട്ട ചെങ്കല്ലുകൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്.

നാണം തോന്നി. തലകുനിച്ച് തന്റെ സ്ഥാനത്ത് പോയിരുന്നു. അപ്പോൾ അടുത്തുള്ളവർ ചോദിക്കാൻ തുടങ്ങി:
'പുത്യേ ഡ്രസ്സാണല്ലേ? ആരാ വാങ്ങിത്തന്നത്?'

'എവടെന്നാ വാങ്ങീത്? എത്ര വിലയായി?'

'നെനക്ക് നല്ലോണം ചേര്ണ്ണണ്ടല്ലോ.'

'നല്ല കട്ടിയുള്ള ഡ്രസ്സാണല്ലോ' എന്നു പറഞ്ഞ് ചില വികൃതികൾ ഡ്രസ്സിനോടൊപ്പം തൊലിയും കൂട്ടി പിച്ചുന്നുമുണ്ട്. അപ്പോൾ വേദനിക്കുന്നുണ്ടെങ്കിലും അബൂട്ടിക്ക് നല്ല സന്തോഷം തോന്നി. എല്ലാവരും തന്നെ പരിഗണിക്കുന്നുണ്ടല്ലോ.

ദർസ് വിട്ട്, ഇശാ നിസ്കാരം കഴിഞ്ഞ് പള്ളിയിൽ നിന്നിറങ്ങുമ്പോൾ അമീൻ ചോദിച്ചു: 'നെനക്കിവിടത്തെ പോസ്റ്റ്മാനെ കാണണോ?'

കുറെ ദിവസമായി ആഗ്രഹിച്ചു നടക്കുന്ന കാര്യമാണ്. അമീനോട് ആ ആഗ്രഹം പറഞ്ഞിരുന്നു. അവൻ അന്വേഷിച്ചു മനസ്സിലാക്കിയതാണ്.

'ഒാ... എവിടെയാണുള്ളത്?' അബൂട്ടി ആകാംക്ഷയോടെ ആരാഞ്ഞു.

'അതാ... അയാളാണ്.' നിസ്കരിച്ച് പുറത്തേക്കിറങ്ങുന്ന ഒരാളെ ചൂണ്ടി അമീൻ പറഞ്ഞു.

'ങേ, അയാളോ, അയാളെ നമ്മൾ അധിക ദിവസവും കാണാറുണ്ടല്ലോ.'

'ങ്ആ, അയാളാണ് പോസ്റ്റുമാനെന്ന് നിക്കും അറിയില്ലായിരുന്നു. ഇക്കാക്കയോട് ചോദിച്ചപ്പോൾ പറഞ്ഞു തന്നതാ.'

'നേരോ? എന്നാല് ഓറെക്കണ്ട് ചോദിക്കണം, എങ്ങന്യാ കത്തയക്കാന്ന്.'

'എന്നാ വേഗം വാ. ഓരിപ്പോ പോകും.'

റോട്ടിലിറങ്ങി നടക്കാൻ തുടങ്ങിയ അയാളുടെ അടുത്തേക്ക് ഇരുവരുമോടി. (തുടരും )




# എന്റെ ഉമ്മ



എനിക്ക് ഒരു വയസ്സുള്ളപ്പോഴാണ് ഉപ്പ വിട പറഞ്ഞു പോയത്. പിന്നെ ഉമ്മയാണ് എന്നെ വളർത്തിയത്. ദിവസവും ഒരുപാട് ജോലികൾ ചെയ്ത് അധ്വാനിക്കും. എന്റെ വളർച്ചയിലും പഠനപുരോഗതിയിലും ഉമ്മ അതിയായി സന്തോഷിക്കും. പ്രയാസങ്ങൾ എത്രയുണ്ടെങ്കിലും അവയൊന്നും ഉമ്മ എന്നെ അറിയിക്കാറില്ല. എനിക്ക് പ്രയാസമാകുമെന്ന് കരുതിയാവാം, ഉമ്മ മറ്റൊരു വിവാഹത്തിന് തയ്യാറാകാതിരിക്കുന്നത്. ഞാനൊരു അറബിക് അധ്യാപികയാവണമെന്നാണ് ഉമ്മയുടെ ആഗ്രഹം. ഉമ്മയുടെ സ്നേഹത്തിന്റെ ആഴമറിയുമ്പോൾ നാമെല്ലാം അത്ഭുതപ്പെട്ടുപോകുന്നു. ഉമ്മയുടെ തണൽ ദീർഘകാലം അനുഭവിക്കാൻ ഉതവി നൽകണേ നാഥാ. ആമീൻ

*സാഹിന ഫാത്വിമ എസ് ക്ലാസ് 8 അൽഹിദായ മദ്റസ കൃഷ്ണപുരം*

# പൂമ്പാറ്റ



ചന്തമുള്ളൊരു പൂമ്പാറ്റ
ചിറകു വിരിക്കും പൂമ്പാറ്റ
പല നിറമുള്ളൊരു പൂമ്പാറ്റ
പൂവിലിരിക്കും പൂമ്പാറ്റ
വിണ്ണിൽ നിറയെ പൂമ്പാറ്റ
പറന്നു നടക്കും പൂമ്പാറ്റ

*ഫാത്തിമ സഹ്റ സി.പി, മർകസ് പബ്ലിക് സ്കൂൾ, മമ്പീതി, ഊരകം*

# The Father and daugter

The Father and daughter
The father-daughter relationship can be considered as an example of true love. True love and friendship don't have any economic, social, physical or age-bound. In spite of the time changes, the bond of love between father and daughter stays forever. Love is universal, which is above the physical boundaries made by human. Father concerns for the well-being of his darling daughter from her birth till even after she has been married off. A daughter is the most delicate and brittle of things for a father.

**Salwa. P, Std 5,**
**Hasanul basari Madrasa**

## ശവ്വാലമ്പിളി




റമളാനിൻ പിറ കാണുമ്പോൾ
വിശ്വാസികളിൽ സന്തോഷം.
നോമ്പിൻ മധുരം നുണയുമ്പോൾ
കുട്ടികൾക്കെല്ലാം ആവേശം.
ശവ്വാലിൻ പിറ കാണുമ്പോൾ
എങ്ങും ഈദിൻ ആഘോഷം.

***അദ്നാൻ ഇ, ക്ലാസ് 8, ലിവാഉൽ ഹുദാ മദ്റസ, പൊട്ടിക്കല്ല്***

# കത്തുകൾ

*പ്രിയപ്പെട്ട ബാലകുസുമത്തിന്,*

*രസകരമായ ഒരുപാട് വിഭവങ്ങളുമായി ഓരോ മാസവും നീ വരുമ്പോൾ ഞങ്ങൾക്ക് വലിയ സന്തോഷമാണ്. മഹാന്മാരെക്കുറിച്ചുള്ള കുറിപ്പുകൾ മറ്റു ബാലമാസികകളിൽ നിന്ന് ബാലകുസുമത്തെ വേറിട്ടുനിർത്തുന്നു. നാം പഠിക്കുന്ന മദ്റസാ പ്രസ്ഥാനത്തിന്റെ ശിൽപി മഹാനായ എം.എ ഉസ്താദിനെക്കുറിച്ചും ഖുതുബുദ്ദീൻ ബഖ്തിയാർ(റ) തങ്ങളെക്കുറിച്ചും നെല്ലിക്കുത്ത് ആലി മുസ്‌ലിയാരെക്കുറിച്ചുമുള്ള ലേഖനങ്ങൾ പഠനാർഹമായി. വീടുകളിൽ വരുന്ന ഹരിതസേനയെക്കുറിച്ചുള്ള വിവരണം പുതിയ അറിവായിരുന്നു. പ്രതീക്ഷയോടെ അടുത്ത ലക്കത്തിനായി കാത്തിരിക്കുന്നു.*

***ഫാത്വിമ ലുബാബ, ആഇശ ശബീബ, സഹ്റ ബതൂൽ മർകസുൽഉലൂം മദ്റസ, പെരുമണ്ണ ചിറക്കൽ***

*പ്രിയപ്പെട്ട ബാലകുസമത്തിന്,*

*നിന്നെ എനിക്ക് ഒരുപാട് ഇഷ്ടമാണ്. എല്ലാ മാസവും നിന്റെ വരവും കാത്തിരിപ്പാണ്. സഫറിന്റെ ഉപദേശങ്ങളും മിസ്റ്റർ മണ്ടപ്പന്റെയും ഹോജയുടെയും ഫലിതങ്ങളും ഞാൻ വായിക്കാറുണ്ട്. കയ്യിൽ കിട്ടിയാൽ ആദ്യം വായിക്കാറുള്ളത് അബൂട്ടിയെയാണ്. അബൂട്ടിയുടെ ആടുകളോടുള്ള സ്നേഹവും അവന്റെ സങ്കടങ്ങളും വായിക്കുമ്പോൾ വിഷമം തോന്നും. മാമനും മാമിയും അവന്റെ കുഞ്ഞുമനസ്സിനെ വേദനിപ്പിക്കുമ്പോൾ കരച്ചിൽ വരും. വൈകാതെ നീ എത്തുമെന്ന പ്രതീക്ഷയോടെ,*

***ഫിദ ഫാത്തിമ എസ്, ക്ലാസ് 7, നിബ്റാസുൽ ഇസ്‌ലാം മദ്റസ, വീയപുരം***



ശാക്കിർ തോട്ടിക്കൽ

# ജീവന്റെ ഒരു തുള്ളി

**മാർച്ച് 22 : ലോക ജലദിനം**

നമ്മുടെ ചുറ്റുപാടും നോക്കൂ... പുഴകൾ, കുളങ്ങൾ, തോടുകൾ, കിണറുകൾ... ഭൂമിയുടെ മൂന്നിലൊന്നു ഭാഗവും ജലസമൃദ്ധമാണ്. എന്നാൽ, ആകെയുള്ളതിന്റെ മൂന്നു ശതമാനം മാത്രമേ ശുദ്ധജലമുള്ളൂ. അതിൽ തന്നെ 77 ശതമാനവും ധ്രുവപ്രദേശങ്ങളിലെ മഞ്ഞുപാളികളായിക്കിടക്കുകയാണ്. അങ്ങനെ നോക്കുമ്പോൾ മനുഷ്യന് ഉപയോഗപ്രദമായ ശുദ്ധജലം വളരെ വിരളമാണ്. ലോകത്ത് മുപ്പതിലധികം രാജ്യങ്ങൾ കുടിവെള്ള ക്ഷാമം അനുഭവിക്കുന്നുണ്ടെന്നാണ് ഐക്യരാഷ്ട്രസഭ വ്യക്തമാക്കുന്നത്. ലോകത്തുടനീളം 110 കോടിയിലേറെ ജനങ്ങൾ കുടിക്കാനും ഭക്ഷണം പാകം ചെയ്യാനും മലിനജലമാണ് ഉപയോഗിക്കുന്നത്.

## മാറുന്ന കാലാവസ്ഥ

കാലാവസ്ഥാ വ്യതിയാനമാണ് ജലക്ഷാമത്തിന്റെ പ്രധാന കാരണം. ചൂട് വർധിക്കുമ്പോൾ ലോകത്തെ ജലസമ്പത്ത് കുറയുന്നു. ശുദ്ധജല

സ്രോതസ്സുകളും പുഴകളും കുളങ്ങളുമെല്ലാം വറ്റിവരളുന്നു.

ശക്തമായ ചൂടനുഭവിക്കുന്ന പല രാജ്യങ്ങളിലും കുടിനീരിനായി കിലോമീറ്ററുകളോളം നടന്ന് വെള്ളം കൊണ്ടുവരേണ്ട സ്ഥിതിയാണിന്നുള്ളത്. മഴയുടെ ലഭ്യതക്കുറവും മൺസൂണിലെ മാറ്റവും കാർഷിക മേഖലയെയും ഭക്ഷ്യോൽപാദനത്തെയും പ്രതികൂലമായി ബാധിക്കുന്നു.

### ജലസംരക്ഷണത്തിന്റെ ആവശ്യകത

ഇനിയൊരു ലോകമഹായുദ്ധമുണ്ടാവുകയാണെങ്കിൽ അത് ശുദ്ധജല സംഭരണികൾ പിടിച്ചടക്കാനായിരിക്കുമെന്നു പറയാറുണ്ടല്ലോ. കുടിവെള്ളത്തിനു സ്വർണത്തെക്കാൾ വില വരുന്ന കാലം വരാനിനി അധികകാലം വേണ്ടി വരില്ലെന്നാണ് ശാസ്ത്രം നൽകുന്ന മുന്നറിയിപ്പ്. ഭാവിയിൽ കൂടുതൽ ശുദ്ധജല സ്രോതസ്സുകളുള്ളവരാവും വലിയ സമ്പന്നർ. കുടിനീരിനു വേണ്ടി രാജ്യങ്ങൾ യുദ്ധത്തിനിറങ്ങാനും തയ്യാറായേക്കും.

### ലോകജലദിനം

1992 ഡിസംബർ 22 ന് ബ്രസീലിലെ റിയോയിൽ പരിസ്ഥിതിയും വികസനവും എന്ന പ്രമേയത്തിൽ നടത്തിയ ഐക്യരാഷ്ട്ര സഭയുടെ സമ്മേളനത്തിലാണ് ജലത്തിനായി ഒരു ദിനം എന്ന ആശയം ആദ്യമായി ഉയർന്നുവന്നത്. തുടർന്ന് യു. എൻ അസംബ്ലി 1993 മുതൽ മാർച്ച് 22 ലോക ജലദിനമായി ആചരിക്കാൻ തീരുമാനിച്ചു. ജലസംരക്ഷണത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളാനും ജനങ്ങളെ ബോധവാന്മാരാക്കാനും വേണ്ടിയാണ് ഈ ദിനാചരണം.





## പാഴാക്കരുതേ...

മുത്തുനബി(സ) ഒരിക്കൽ സഅദ്(റ)വിനോട് പറഞ്ഞു: "ഒഴുകുന്ന പുഴയിൽ നിന്ന് വുളൂഅ് ചെയ്യുമ്പോഴും വെള്ളം അമിതമായി ഉപയോഗിക്കരുത്." (അഹ്മദ്, ഇബ്നുമാജ)

### ഇന്ത്യയിൽ

ഇന്ത്യയിൽ ശുദ്ധജലത്തിന്റെ പരമാവധി അളവ് 654 മില്യൺ ക്യൂബിക് മീറ്ററാണെന്നാണു കണക്കാക്കപ്പെടുന്നത്. എന്നാൽ, 2030 ആവുമ്പോൾ ഇന്ത്യക്കാവശ്യമായ ശുദ്ധജലത്തിന്റെ അളവ് 754 ബില്യൺ ക്യൂബിക് മീറ്ററായി ഉയരും. 2025ൽ ഇന്ത്യക്കാവശ്യമായ ശുദ്ധജലത്തിന്റെ പകുതി മാത്രമേ ലഭിക്കൂ എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു.

### കേരളത്തിലെ ജലക്ഷാമം

കേരളത്തിൽ 44 നദികളുണ്ടെന്നു നമുക്കറിയാമല്ലോ. അതിനാൽ ജലക്ഷാമം നമ്മെ ബാധിക്കുന്നില്ലെന്നു ചിന്തിക്കുന്നവരുണ്ട്. എന്നാൽ, കേരളത്തിലെ 40 ശതമാനം കുടിവെള്ളത്തിലും ആസിഡിന്റെ സാന്നിധ്യം കൂടുതലാണെന്നാണ് ആരോഗ്യസംഘടനകളുടെ പഠനങ്ങൾ തെളിയിക്കുന്നത്. ജലസ്രോതസ്സുകളാൽ സമ്പന്നമായിരുന്ന കേരളത്തിലെ പുഴകളും തണ്ണീർതടങ്ങളും നാം മാലിന്യനിക്ഷേപകേന്ദ്രങ്ങളാക്കി. ഇനി ജലക്ഷാമത്തിൽ നിന്നു രക്ഷപ്പെടണമെങ്കിൽ മഴക്കുഴികളും മഴവെള്ള സംഭരണികളും ചെക്ഡാമുകളുമെല്ലാം നിർമ്മിച്ച് മഴവെള്ളം സംഭരിക്കാനും വയലുകളും തണ്ണീർതടങ്ങളും സംരക്ഷിക്കാനും നാം ശ്രമിക്കണം.

ശാസ്ത്രശാല

# ഒട്ടിപ്പിടിക്കുന്ന തീപ്പെട്ടിക്കൊള്ളികൾ

തീപ്പെട്ടിക്കൊള്ളികൾ ഉപയോഗിച്ച് രസകരമായ ഒരു പരീക്ഷണം ചെയ്തു നോക്കാം.

**ആവശ്യമായ വസ്തുക്കൾ:**

ഒരു തീപ്പെട്ടിക്കൂട്, രണ്ട് തീപ്പെട്ടിക്കൊള്ളികൾ



**ചെയ്യേണ്ട വിധം:**

1. തീപ്പെട്ടിക്കൂടിൽ ഒരു തീപ്പെട്ടിക്കൊള്ളിയുടെ മരുന്നില്ലാത്ത ഭാഗം കുത്തിനിർത്തുക.

2. രണ്ടാമത്തെ തീപ്പെട്ടിക്കൊള്ളി ആദ്യത്തെതിനുമേൽ (മരുന്നുള്ള അഗ്രങ്ങൾ സ്പർശിക്കും വിധത്തിൽ) ചാരി വയ്ക്കുക.

3. മൂന്നാമത്തെ തീപ്പെട്ടിക്കൊള്ളിയുപയോഗിച്ച് രണ്ടാമത്തെ തീപ്പെട്ടിക്കൊള്ളിയുടെ മധ്യഭാഗത്ത് തീ കൊടുക്കുക.

**സംഭവിക്കുന്നത്:**

രണ്ടാമത്തെ തീപ്പെട്ടിക്കൊള്ളിയുടെ മധ്യഭാഗത്തു നിന്ന്, മുകളിലേക്കും അഗ്രഭാഗത്തേക്കും തീ പടരുന്നു. ഒന്നാമത്തെ തീപ്പെട്ടിക്കൊള്ളിയുടെ അഗ്രം തീ പിടിക്കുമ്പോൾ, രണ്ടാമത്തേത് മുകളിലേക്കുയരുന്നു. തീ ഊതിക്കെടുത്തിയാൽ രണ്ടാമത്തെ തീപ്പെട്ടി വായുവിൽ പൊങ്ങിനിൽക്കുന്നു.

രണ്ടാമത്തെ തീപ്പെട്ടിക്കൊള്ളിയുടെ മധ്യഭാഗത്തേക്ക് തീ പിടിക്കുമ്പോൾ തീപ്പെട്ടിക്കൊള്ളിയുടെ ഭാരത്തിന്റെ ഭൂരിഭാഗവും കത്തിത്തീർന്ന് ഭാരം കുറയുന്നു. തീപ്പെട്ടിക്കൊള്ളികളുടെ അഗ്രഭാഗങ്ങൾ ഒരേ സമയം തീ പിടിച്ച് കത്തിയമരുന്നു. ഇങ്ങനെ കൂടിച്ചേരുമ്പോൾ ഭാരം കുറഞ്ഞ, ചാഞ്ഞിരിക്കുന്ന തീപ്പെട്ടിക്കൊള്ളിയുടെ ഭാരം താങ്ങാൻ നിവർന്നുനിൽക്കുന്ന തീപ്പെട്ടിക്കൊള്ളിക്ക് കഴിയുന്നു.

അബ്ദുല്ല പേരാമ്പ്ര

# വീടുമാറ്റം

ചിയാങ് രാജാവിന്റെ മന്ത്രിയായിരുന്നു ടാങ്കു. ഒരു ഗ്രാമത്തിലായിരുന്നു അദ്ദേഹത്തിന്റെ താമസം. ടാങ്കുവിന്റെ വീടിന്റെ വലതുഭാഗത്ത് ഒരു ആശാരിയും ഇടതുഭാഗത്ത് ഒരു കൊല്ലപ്പണിക്കാരനുമായിരുന്നു താമസിച്ചിരുന്നത്. രാത്രി ഏറെ വൈകിയും ആശാരിയും കൊല്ലപ്പണിക്കാരനും തകൃതിയായി ജോലിയെടുക്കും. അവിടെ നിന്നുള്ള ശബ്ദം കാരണം ടാങ്കുവിന്റെ ഉറക്കം നഷ്ടപ്പെട്ടു.

ശബ്ദം അസഹ്യമായതോടെ മന്ത്രി രണ്ടുപേരെയും വിളിച്ച് ഇന്നുമുതൽ രാത്രി ശബ്ദമുണ്ടാക്കിയാൽ രണ്ടുപേരെയും ജയിലിലിലടയ്ക്കുമെന്ന് ഭീഷണിപ്പെടുത്തി. പേടിച്ചുപോയ ഇരുവരും മന്ത്രിയുടെ മുന്നിൽ താണുകേണപേക്ഷിച്ചു:

### സ്വീഡന്റെ യു ടേൺ

15 വർഷം മുമ്പ് പുസ്തകങ്ങൾക്കുപകരം ക്ലാസ്മുറികൾ കമ്പ്യൂട്ടർ വത്കരിച്ച സ്വീഡൻ 104 മില്യൺ യൂറോ ചെലവിട്ട് പുസ്തകങ്ങളിലേക്കു തന്നെ മടങ്ങുന്നു. ഡിജിറ്റൽ ഫസ്റ്റ് മുദ്രാവാക്യം കുട്ടികളുടെ എഴുതാനും വായിക്കാനുമുള്ള കഴിവിനെ ഇല്ലാതാക്കുമെന്ന ആശങ്കയാണ് കാരണം. ടെക്സ്റ്റ്ബുക്കിനു പകരം കമ്പ്യൂട്ടറായതോടെ കുട്ടികളുടെ അടിസ്ഥാനശേഷികൾ നഷ്ടപ്പെടുകയാണത്രെ. പരമ്പരാഗത അധ്യാപനരീതി കൊണ്ടുവരുന്നതിലൂടെ മാത്രമേ എഴുത്ത്, വായന, ആശയവിനിമയ ശേഷി, പ്രശ്നപരിഹാര ശേഷി തുടങ്ങിയവ കുട്ടികൾക്ക് കൈവരിക്കാൻ കഴിയൂ എന്നും അവർ വിശദീകരിക്കുന്നു.



‘ദയവുചെയ്ത് ഞങ്ങളെ ജയിലിൽ അടയ്ക്കരുത്. ഞങ്ങളുടെ കുടുംബം പട്ടിണിയാകും. ഞങ്ങൾ ഇന്നുതന്നെ വീട് മാറിക്കൊള്ളാം.’

മന്ത്രി സമ്മതിച്ചു. അവർക്ക് ഒരു നേരത്തെ ആഹാരവും ഒത്തിരി പണവും നൽകി തിരിച്ചയച്ചു.

അടുത്ത ദിവസവും രാത്രി പതിവുപോലെ ശബ്ദം കേൾക്കാൻ തുടങ്ങി. മന്ത്രി പരിചാരകരെ അയച്ച് കാര്യം തിരക്കി. അവർ മന്ത്രിയോട് പറഞ്ഞു: ‘വീടുമാറാം എന്ന വാഗ്ദാനം ആശാരിയും കൊല്ലനും പാലിച്ചിട്ടുണ്ട്. പക്ഷേ, ആശാരി കൊല്ലന്റെ വീട്ടിലേക്കും കൊല്ലൻ ആശാരിയുടെ വീട്ടിലേക്കുമാണ് മാറിയത്.’

അതു കേട്ട് ടാങ്കു അന്തംവിട്ടു നിന്നുപോയി.



## വഴി കാണിക്കാമോ?

ഒച്ചൂട്ടന്
ഇലയിലെത്തണം.
വഴി കാണിക്കാൻ
കൂട്ടുകാർ
സഹായിക്കാമോ?

## എണ്ണമെഴുതാം



 ○ മാമ്പഴങ്ങൾ

 ○ ഇലകൾ

## വരക്കാൻ പഠിക്കാം



## ഒറ്റയാനാര് ?

ഒറ്റപ്പെട്ടതിനെ വൃത്തത്തിലാക്കൂ...



## നിറം നൽകാം
## കഥയെഴുതാം



ചിത്രത്തിന് അനുയോജ്യമായ നിറം നൽകി ഭംഗിയാക്കിക്കോളൂ. ചിത്രത്തിനെ ആസ്പദമാക്കി ഒരു കഥയെഴുതി കുസുമത്തിന് അയച്ചുതരൂ. മികച്ച കഥ പ്രസിദ്ധീകരിക്കും.

## വിത്ത് മുളച്ചു മാനത്ത്!

ബഹിരാകാശത്ത് ഉപഗ്രഹത്തിനുള്ളിൽ പയർവിത്ത് മുളപ്പിച്ചിരിക്കുകയാണ് ഐ.എസ്.ആർ.ഒ. പി.എസ്.എൽ.വി സി60 ദൗത്യത്തിൽ പ്രത്യേക



ഉപഗ്രഹത്തിലാണ് എട്ട് വിത്തുകളയച്ചത്. വിക്രം സാരാഭായ് സ്പേസ്സെന്റർ വികസിപ്പിച്ച ക്രോപ്സ് (കോംപാക്ട് റിസർച്ച് മൊഡ്യൂൾ ഫോർ ഓർബിറ്റൽ പ്ലാന്റ് സ്റ്റഡീസ്) ഉപയോഗിച്ചാണ് പരീക്ഷണം. ഭൂമിയിലെ അന്തരീക്ഷമൊരുക്കിയ ചെറിയ കാബിനിലാണ് പയർവിത്ത് സൂക്ഷിച്ചത്. നാലുദിവസം കൊണ്ടാണ് പയർവിത്ത് മുളപൊട്ടിയത്. ഗുരുത്വാകർഷണത്തിന്റെ ദിശ, സൂര്യപ്രകാശം എന്നിവയോട് പ്രതികരിച്ച് സസ്യങ്ങൾ വളർച്ച ക്രമീകരിക്കുന്നതെങ്ങനെയെന്ന് പഠിക്കുകയാ

## ചന്ദ്രനിലേക്ക് റോബോട്ടും!

ചൈനയുടെ ചാന്ദ്രപര്യവേക്ഷണ ദൗത്യമാണ് ഷാങ്ങെ. 2030ഓടെ മനുഷ്യനെ ചന്ദ്രനിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ പദ്ധതി പലഘട്ടങ്ങൾ പിന്നിട്ടു. ചന്ദ്രനിൽനിന്നുള്ള മണ്ണു വരെ ഭൂമിയിലെത്തിച്ചു. പത്തു മാസത്തിനുള്ളിൽ ഷാങ്ങെയുടെ അടുത്ത ദൗത്യം (ഷാങ്ങെ - 7) വിക്ഷേപിക്കും. ചന്ദ്രന്റെ ദക്ഷിണധ്രുവത്തേക്ക് കുതിക്കുന്ന ഷാങ്ങെയിൽ ലാൻഡറിന് പുറമെ മനുഷ്യനെപ്പോലുള്ള ഒരു റോബോട്ടുമുണ്ടാകും. ജലസാന്നിധ്യം സ്ഥിരീകരിക്കുക എന്നതാണ് റോബോട്ടിന്റെ ദൗത്യം. ദക്ഷിണധ്രുവത്തിൽ ഒരിക്കൽ പോലും സൂര്യപ്രകാശമെത്താത്ത ഗർത്തങ്ങളിൽ ജലസാന്നിധ്യമുണ്ടെന്നാണ് കരുതുന്നത്.

هَيَّا نَقْرَأ قِصَّةَ فَاتِن بِاللُّغَةِ العَرَبِيَّة

# فَاتِنُ لَمْ تَعُدْ حَزِينَة

فِي بَيْتٍ صَغِيرٍ يَقَعُ عَلَى أَطْرَافِ بَلْدَةٍ قَدِيمَةٍ، كَانَتْ فَاتِن تَعِيشُ مَعَ أُسْرَتِهَا الفَقِيرَة. فَاتِن كُبْرَى أَخَوَاتِهَا وَعُمْرُهَا سَبْعُ سَنَوَاتٍ، وَآدَمُ فِي الخَامِسَةِ، وَبَدْرُ الصُّغْرَى سَتَبْلُغُ عَامُهَا الثَّانِي قَرِيبًا. لَا تَسْتَطِيعُ فَاتِن الْمَشْيَ أَو الْوُقُوف، فَحِينَ بَلَغَتْ عَامَهَا الأَوَّلَ أُصِيبَتْ بِشَلَلِ الأَطْفَالِ،



وَلِذَلِكَ فَهِيَ تَرْقُدُ فِي الْمَنْزِلِ وَحِيدَةً وَحَزِينَةً عَلَى الدَّوَامِ فَفِي حِينٍ كَانَ آدَمُ وَبَدْرُ يَلْعَبَانِ وَيَرْكُضَانِ فِي مُحِيطِ الْمَنْزِلِ، كَانَتْ فَاتِنُ تَجْلِسُ فِي زَاوِيَتِهَا لِسَاعَاتٍ طَوِيلَةٍ وَمَا مَنْ يُؤْنِسُ وَحْدَتَهَا

هَيَّا نَحْفَظ وَ نَكْتُب الْمَعْنَى لِلأَلْفَاظِ الْآتِيَة

بَيْتٌ, بَلْدَةٌ ,أُسْرَةٌ , شَلَلُ الْأَطْفَال , زَاوِيَةٌ

# English Corner

**Story Line**

## The Boastful Fox

**A** cat and a fox were good friends. One day, they argued about who was more intelligent. The fox boasted: 'I know many tricks. I can jump, I can dance, I can stand on two legs, and I can swing on one leg...' The cat knew only one trick; climbing trees.

## പൊങ്ങച്ചക്കാരനായ കുറുക്കൻ

പൂച്ചയും കുറുക്കനും നല്ല സുഹൃത്തുക്കളായിരുന്നു. ഒരു ദിവസം, ആരാണ് കൂടുതൽ ബുദ്ധിമാനെന്ന കാര്യത്തിൽ അവർ തർക്കിച്ചു. കുറുക്കൻ വീമ്പിളക്കി: 'എനിക്ക് ധാരാളം

While they were arguing, they began to hear gunshots and the sounds of hunters. The fox tried all of his tricks. Meanwhile, the cat suddenly climbed a nearby tree. None of the fox's tricks worked. The hunters caught him.

**Lesson:** Recognize your ability. Don't brag beyond that.



തന്ത്രങ്ങൾ അറിയാം. എനിക്ക് ചാടാൻ കഴിയും, നൃത്തം ചെയ്യാൻ കഴിയും, രണ്ട് കാലിൽ നിൽക്കാൻ കഴിയും, ഒരു കാലിൽ ആടാൻ കഴിയും...' പൂച്ചയ്ക്ക് ഒരു തന്ത്രം മാത്രമേ അറിയൂ; മരത്തിൽ കയറുക.

അവർ തർക്കിക്കുന്നതിനിടയിൽ, വെടിയൊച്ചകളും വേട്ടക്കാരുടെ ശബ്ദവും കേൾക്കാൻ തുടങ്ങി. കുറുക്കൻ എല്ലാ തന്ത്രങ്ങളും പരീക്ഷിച്ചുനോക്കി. അതിനിടയിൽ പൂച്ച പെട്ടെന്ന് അടുത്തുള്ള മരത്തിൽ കയറി. കുറുക്കന്റെ തന്ത്രങ്ങളൊന്നും ഫലിച്ചില്ല. വേട്ടക്കാർ അവനെ പിടികൂടി.

ഗുണപാഠം: നിങ്ങളുടെ കഴിവ് തിരിച്ചറിയുക. അതിനപ്പുറം വീമ്പിളക്കരുത്.



**Poem**

## *The playful chick*



**E**ating corn one by one
Little hen is full of fun.
Moving head from side to side
Little hen is watching wide.
Pecking here and there
Tiny steps without a care.
Flapping wings in the warm sun
Little hen, her day's begun.

**Salam Thirumala**

# Tenses

## 1.Present Continues Tense

Present continuous tense is the verb form used for actions or events that are happening or developing now.

**Structure**

**Subject + am/is/are + present participle (verb+ing) + rest of the sentence**

- **Positive**

  I am reading a newspaper.
  He is playing tennis.

- **Negative**

  I am not reading a newspaper.
  He is not playing tennis.

- **Interrogative**

  Am I reading a newspaper?
  Is he playing tennis?

- **Negative Interrogative**

  Am I not reading a newspaper?
  Is he not playing tennis?/Isn't he playing tennis?

## Uses of the Present Continuous Tense

- **It is used to represent an action that is happening or progressing in the moment of speaking.**

  Example:

  1. *My son is preparing his project.*
  2. *Sanu is singing*

- **It is used to depict a future event or arrangement.**

  Example:

  1. *What are you planning to do tomorrow?*
  2. *I heard that Raheem is moving to Paris next month.*

- **It is used to denote an action that is going on or continuing at the time of speaking.**

  Example:

  1. *Is she still working at the National Institute of Medical Science?*
  2. *I am currently taking Duff lessons, so that I could play for your wedding.*

### Time words

- At the moment
- At present
- Currently
- Nowadays
- Now


Master
Imitable
Rizwan and Adil in the mosque.
Adil, whose names are these?
Those are the names of those who prepare the food for Ramzan Iftar.
What if we make Iftar ours for one day?
It will be a great virtue. There will be a big reward from Allah.
But, won't it cost a lot?
There is an idea. Let's bring food from our homes.
Good technique.
Are you ready?
We are ready.



I will prepare lime and dates.
I shall bring delicious snacks.
Let me bring watermelon and pineapple.
Let's cut the fruits and put them on plates.
The plates and glasses are here.
Here are the dates.
Allahu Akbar... Allahu Akbar...
Alhamdu lillah
Today's fast-breaking was great. Rizwan, Adil and friends made Iftar colourful today.

# WORD PUZZLE

Read the story '**The Boastful Fox**', find the underlined words and try to find out its meaning.

| | | | | | | | |
|---|---|---|---|---|---|---|---|
| T | R | I | C | K | U | G | L |
| D | H | E | A | R | E | A | E |
| K | O | C | T | L | E | R | G |
| H | U | N | T | E | R | B | S |
| B | O | A | S | T | T | V | W |
| K | T | D | F | O | X | R | I |
| A | B | I | L | I | T | Y | N |
| H | J | U | M | P | U | L | G |

## Name me



_ _ O _



F _ _



_ _ _ H

## Sudoku

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | | | | | | | 8 | |
| 3 | | | | 6 | 4 | 9 | | 2 |
| 6 | 1 | | | 2 | 8 | 5 | 7 | |
| | | 3 | 2 | | | | 6 | |
| | 6 | 7 | 8 | | | 2 | | |
| | | 2 | 7 | | | 1 | 3 | 9 |
| | 8 | 6 | | | | | 5 | |
| | 3 | | | | | 7 | | 4 |
| | | | 3 | 1 | 9 | 6 | | |

## Sudoku

ANSWER
**FEBRUARY ISSUE**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | 8 | 7 | 4 | 1 | 9 | 3 | 6 | 2 |
| 2 | 1 | 9 | 3 | 5 | 6 | 8 | 7 | 4 |
| 4 | 6 | 3 | 2 | 8 | 7 | 9 | 5 | 1 |
| 7 | 2 | 1 | 9 | 6 | 8 | 5 | 4 | 3 |
| 6 | 5 | 8 | 7 | 3 | 4 | 1 | 2 | 9 |
| 9 | 3 | 4 | 1 | 2 | 5 | 7 | 8 | 6 |
| 3 | 7 | 5 | 6 | 4 | 1 | 2 | 9 | 8 |
| 8 | 4 | 2 | 5 | 9 | 3 | 6 | 1 | 7 |
| 1 | 9 | 6 | 8 | 7 | 2 | 4 | 3 | 5 |

PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE CALICUT- 673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT. HONORARY CHIEF EDITOR: **MUHAMMED PARANNUR**